# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വളപട്ടണം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെഎസ്എ/കെഎൻആർ/സി-5/769/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 17/08/2021
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വളപട്ടണം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വളപട്ടണം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വളപട്ടണം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 1-26,1-32 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-

പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എ/കെഎൻആർ/സി-5/769/2021

തീയ്യതി: 17/08/2021

## കണ്ണൂർ ജില്ലയിലെ വളപട്ടണം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ വളപട്ടണം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 06-12-2019 മുതൽ 30-06-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ബീനാകുമാരി സി ആർ. | ഡെപ്യൂട്ടി ഡയറക്ടർ | 12-07-2021 | 16-07-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 12-07-2021 | 30-07-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി. സിന്ധു ടി.പി, ഓഡിറ്റ് ഓഫീസർ
ശ്രീമതി റീന പിട്ടൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ധന്യ എം.വി, ഓഡിറ്റർ
ശ്രീമതി നിഖില എ.എം, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി വി കെ ലളിതാദേവി | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീമതി.ബീന ടി.കെ. | സെക്രട്ടറി | 01-04-2019 | 31-05-2019 |
| ശ്രീ ബി.സരസൻ. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-06-2019 | 31-07-2019 |
| ശ്രീ. പ്രീജിത്ത് എൻ. | സെക്രട്ടറി | 01-08-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് |
|---|---|
| ശ്രീമതി.റമീസ.ഇ.എം. | കൃഷി ഓഫീസർ |
| ശ്രീമതി. ശ്യാമള സി.വി. | ഐ സി ഡി എസ് സൂപ്പർവൈസർ |
| ശ്രീമതി രാജശ്രീ.സി.ടി. | ഐ സി ഡി എസ് സൂപ്പർവൈസർ |
| | |

| | |
|---|---|
| ശ്രീമതി.സുനുമോൾ | ഐ സി ഡി എസ് സൂപ്പർവൈസർ |
| ഡോ.ദീപ ജേക്കബ് | വെറ്റിനറി സർജൻ |
| ഡോ.അമിത.ഇ കെ. | വെറ്റിനറി സർജൻ |
| ഡോ.ജ്യോതിസ്.വി.പി. | വെറ്റിനറി സർജൻ |
| ഡോ.ധന്യ.കെ. | മെഡിക്കൽഓഫീസർ(ആയുർവേദ) |
| ഡോ.അനുഷ.ഇ.വി. | മെഡിക്കൽ ഓഫീസർ(ഹോമിയോ) |
| ഡോ.ജുംജുമി | മെഡിക്കൽഓഫീസർ(പി.എച്ച് സി) |
| ശ്രീമതി കവിത.കെ .കെ. | വി ഇ ഒ |
| ശ്രീ സരസൻ.ബി. | അസിസ്റ്റന്റ് സെക്രട്ടറി |
| ശ്രീമതി.രാഗിണി.കെ.കെ. | അസിസ്റ്റന്റ് സെക്രട്ടറി -ജൂനിയർ സൂപ്രണ്ട്-അധിക ചുമതല |
| ശ്രീ.അനിൽ പി.കെ. | അസിസ്റ്റന്റ് സെക്രട്ടറി |
| ശ്രീമതി നവ്യ വേണുഗോപാൽ | അസിസ്റ്റന്റ്എഞ്ചിനീയർ |
| ശ്രീമതി അമ്പിളി ഐ ബി | അസിസ്റ്റന്റ് എഞ്ചിനീയർ |
| ശ്രീ അരവിന്ദ് ഇ എൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| ശ്രീ ആസിഫ് എം എ | അസിസ്റ്റന്റ് എഞ്ചിനീയർ |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sindhu T P (Audit Officer, On 18-07-2021)<br>Last Updated By: Sindhu T P (Audit Officer, On 18-07-2021) | 1-1 |
| 2 | ബജറ്റ്- നടപടിക്രമങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നില്ല<br>Written By: Sindhu T P (Audit Officer, On 18-07-2021)<br>Last Updated By: Sindhu T P (Audit Officer, On 18-07-2021) | 1-1-1 |
| 3 | ജന്ററൽബജറ്റ് പാസാക്കിയിട്ടില്ല<br>Written By: Sindhu T P (Audit Officer, On 18-07-2021)<br>Last Updated By: Sindhu T P (Audit Officer, On 04-08-2021) | 1-1-2 |
| 4 | പുതുക്കിയ ബജറ്റ്<br>Written By: Sindhu T P (Audit Officer, On 18-07-2021)<br>Last Updated By: Sindhu T P (Audit Officer, On 18-07-2021) | 1-1-3 |
| 5 | വാർഷികധനകാര്യപത്രിക<br>Written By: Sindhu T P (Audit Officer, On 24-07-2021)<br>Last Updated By: Sindhu T P (Audit Officer, On 24-07-2021) | 1-2 |
| 6 | വാർഷിക ധനകാര്യ പത്രിക - കണക്കുകളിൽ അവ്യക്തത<br>Written By: Sindhu T P (Audit Officer, On 29-07-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 13-08-2021) | 1-2-1 |
| 7 | വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ-തെറ്റായ അക്കൗണ്ട് ഹെഡിൽ വരവിലെടുത്തത്<br>Written By: Sindhu T P (Audit Officer, On 29-07-2021)<br>Last Updated By: Sindhu T P (Audit Officer, On 29-07-2021) | 1-2-2 |
| 8 | ജേണൽ എന്‍ട്രി നടത്തിയത്-കൃത്യമായ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല<br>Written By: Sindhu T P (Audit Officer, On 30-07-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 13-08-2021) | 1-2-3 |
| 9 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Sindhu T P (Audit Officer, On 24-07-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 13-08-2021) | 1-3 |
| 10 | ഫണ്ട് വിനിയോഗം<br>Written By: Sindhu T P (Audit Officer, On 30-07-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 17-08-2021) | 1-4 |
| 11 | പദ്ധതി അവലോകനം<br>Written By: Reena Pittan (Asst. Audit Officer, On 30-07-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-08-2021) | 1-5 |
| 12 | ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി<br>Written By: Dhanya.M.V (Auditor, On 30-07-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-08-2021) | 1-6 |

| | | |
|---|---|---|
| 13 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി- ഗ്രാമപഞ്ചായത്തു തല പ്രവർത്തനങ്ങൾ<br>Written By: Dhanya.M.V (Auditor, On 30-07-2021)<br>Last Updated By: Dhanya.M.V (Auditor, On 30-07-2021) | 1-6-1 |
| 14 | ക്ഷേമപദ്ധതികൾ<br>Written By: Dhanya.M.V (Auditor, On 30-07-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-08-2021) | 1-7 |
| 15 | ക്യാഷ് ബാലൻസ്<br>Written By: Sindhu T P (Audit Officer, On 30-07-2021)<br>Last Updated By: Sindhu T P (Audit Officer, On 30-07-2021) | 1-8 |
| 16 | ആഭ്യന്തര നിയന്ത്രണം<br>Written By: Sindhu T P (Audit Officer, On 30-07-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-08-2021) | 1-9 |
| 17 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Sindhu T P (Audit Officer, On 30-07-2021)<br>Last Updated By: Sindhu T P (Audit Officer, On 05-08-2021) | 1-10 |
| 18 | ഗ്രാമസഭ<br>Written By: Nikhila A.M. (Auditor, On 31-07-2021)<br>Last Updated By: Nikhila A.M. (Auditor, On 31-07-2021) | 1-11 |
| 19 | റസീത് ബുക്കുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയില്ല<br>Written By: Nikhila A.M. (Auditor, On 29-07-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-08-2021) | 1-12 |
| 20 | എഫ് ടി ഇ & ഒ എസ് ലൈസൻസ് ഈടാക്കിയതിലെ അപാകങ്ങൾ<br>Written By: Nikhila A.M. (Auditor, On 29-07-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-08-2021) | 1-13 |
| 21 | ഇ ടെണ്ടർ - ടെണ്ടർ ഫീസ് തിരികെ ലഭിച്ചിട്ടില്ല<br>Written By: Sindhu T P (Audit Officer, On 30-07-2021)<br>Last Updated By: Sindhu T P (Audit Officer, On 30-07-2021) | 1-14 |
| 22 | തൊഴിൽ നികുതി<br>Written By: Dhanya.M.V (Auditor, On 01-08-2021)<br>Last Updated By: Sindhu T P (Audit Officer, On 02-08-2021) | 1-15 |
| 23 | വാട്ടർ അതോറിറ്റിക്ക് ഡപ്പോസിറ്റ് തുക നൽകൽ .3059രൂപ തിരികെ ഈടാക്കേണ്ടതാണ്.<br>Written By: Reena Pittan (Asst. Audit Officer, On 30-07-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-08-2021) | 1-16 |
| 24 | സ്ട്രീറ്റ് ലൈറ്റ് ഉപകരണങ്ങൾ വാങ്ങൽ- അപാകങ്ങൾ - 1,23,750/- രൂപയുടെ ചെലവ് തടസത്തിൽവെക്കുന്നു.<br>Written By: Reena Pittan (Asst. Audit Officer, On 30-07-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 17-08-2021) | 1-17 |
| 25 | എസ്. എസ് എ വിഹിതം നൽകൽ - അനുബന്ധ രേഖകൾ ഹാജരാക്കിയില്ല.<br>Written By: Reena Pittan (Asst. Audit Officer, On 30-07-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-08-2021) | 1-18 |

| | | |
|---|---|---|
| 26 | പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ-അധികം നൽകിയ ₹3086/- തിരികെ ഈടാക്കേണ്ടതാണ്.<br>Written By: Reena Pittan (Asst. Audit Officer, On 30-07-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-08-2021) | 1-19 |
| 27 | തുടർ വിദ്യാഭ്യാസം - കൈപ്പറ്റ് രശീത് ഹാജരാക്കിയില്ല-7500രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു.<br>Written By: Reena Pittan (Asst. Audit Officer, On 30-07-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-08-2021) | 1-20 |
| 28 | കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ - എ എം സി - കരാർ നടപടികൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.<br>Written By: Reena Pittan (Asst. Audit Officer, On 30-07-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-08-2021) | 1-21 |
| 29 | ഐ കെ എം വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.<br>Written By: Reena Pittan (Asst. Audit Officer, On 30-07-2021)<br>Last Updated By: Sindhu T P (Audit Officer, On 01-08-2021) | 1-22 |
| 30 | കുടിവെള്ള പൈപ്പ് ലൈൻ വലിക്കൽ - പൂർത്തീകരണ രേഖകൾ ഹാജരാക്കിയിട്ടില്ല. ചെലവ് തുകയായ ₹1,81,000 തടസ്സപ്പെടുത്തുന്നു.<br>Written By: Reena Pittan (Asst. Audit Officer, On 30-07-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-08-2021) | 1-23 |
| 31 | തെരുവ് വിളക്കിന് ലൈൻ വലിക്കൽ - കരാറിലേർപ്പെടാതെ തുക നൽകി - പ്രവൃത്തി പൂർത്തീകരിച്ചില്ല. ₹ 216480 തടസ്സപ്പെടുത്തുന്നു.<br>Written By: Reena Pittan (Asst. Audit Officer, On 30-07-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-08-2021) | 1-24 |
| 32 | സ്ട്രീറ്റ് ലൈറ്റ് എ എം സി-അപാകങ്ങൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.<br>Written By: Reena Pittan (Asst. Audit Officer, On 30-07-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 17-08-2021) | 1-25 |
| 33 | കുടിവെള്ള വിതരണം – അപാകങ്ങൾ – അധികം നൽകിയ 5850 തിരികെ ഈടാക്കേണ്ടതാണ്,19500രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു.<br>Written By: Reena Pittan (Asst. Audit Officer, On 30-07-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-08-2021) | 1-26 |
| 34 | കെ എസ് ഇ ബി ക്ക് കുടിശ്ശിക നൽകിയത് -കൃത്യത ഉറപ്പുവരുത്തിയിട്ടില്ല-5926 രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു | 1-27 |

| | | |
|---|---|---|
| | Written By: Reena Pittan (Asst. Audit Officer, On 30-07-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-08-2021) | |
| 35 | രജിസ്റ്റർ സൂക്ഷിപ്പിലെ അപാകങ്ങൾ<br>Written By: Sindhu T P (Audit Officer, On 30-07-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-08-2021) | 1-28 |
| 36 | ആസ്തി രജിസ്റ്റർ കാലികമാക്കാത്തതും മറ്റ് അപാകങ്ങളും<br>Written By: Sindhu T P (Audit Officer, On 30-07-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-08-2021) | 1-28-1 |
| 37 | കമ്മ്യൂണിറ്റി ടോയ്‌ലറ്റ് നിർമ്മാണം-കണക്കു കൂട്ടിയതിൽ പിഴവു വന്നത്-1125.79 രൂപ തിരിച്ചു പിടിക്കേണ്ടതാണ്<br>Written By: Sindhu T P (Audit Officer, On 30-07-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-08-2021) | 1-29 |
| 38 | പാലിയേറ്റീവ് പരിചരണം:- ഗുണഭോക്തൃലിസ്റ്റ് വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടില്ല<br>Written By: Dhanya.M.V (Auditor, On 29-07-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-08-2021) | 1-30 |
| 39 | ടർമിനൽ സറണ്ടർ അനുവദിച്ചതിലെ അപാകം- പരിഹരിക്കേണ്ടതാണ്.<br>Written By: Reena Pittan (Asst. Audit Officer, On 31-07-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-08-2021) | 1-31 |
| 40 | വാട്ടർ ടാങ്ക് വിതരണം (പട്ടികജാതി)- സബ്സിഡി മാർഗ്ഗരേഖ പാലിക്കാത്തത്- 6251 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു - 18746/- രൂപയുടെ ചെലവ് തടസത്തിൽവെക്കുന്നു<br>Written By: Dhanya.M.V (Auditor, On 29-07-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 17-08-2021) | 1-32 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ- അധികം നൽകിയ ₹3086/- തിരികെ ഈടാക്കേണ്ടതാണ്.<br>Written By: Sindhu T P (Audit Officer, On 13-08-2021)<br>Last Updated By: Sindhu T P (Audit Officer, On 13-08-2021) | 3-1 |
| 2 | കുടിവെള്ള വിതരണം – അപാകങ്ങൾ – അധികം നൽകിയ 5850 തിരികെ ഈടാക്കേണ്ടതാണ്<br>Written By: Sindhu T P (Audit Officer, On 13-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 17-08-2021) | 3-2 |
| 3 | കമ്മ്യൂണിറ്റി ടോയ്‌ലറ്റ് നിർമ്മാണം-കണക്കു കൂട്ടിയതിൽ പിഴവു വന്നത്-1125.79 രൂപ | 3-3 |

| | | |
|---|---|---|
| | തിരിച്ചു പിടിക്കേണ്ടതാണ്<br>Written By: Sindhu T P (Audit Officer, On 13-08-2021)<br>Last Updated By: Sindhu T P (Audit Officer, On 13-08-2021) | |
| 4 | വാട്ടർ ടാങ്ക് വിതരണം (പട്ടികജാതി)- സബ്സിഡി മാർഗ്ഗരേഖ പാലിക്കാത്തത്- 6251 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു<br>Written By: Sindhu T P (Audit Officer, On 13-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 17-08-2021) | 3-4 |
| **ഭാഗം 4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Sindhu T P (Audit Officer, On 30-07-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 17-08-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Sindhu T P (Audit Officer, On 30-07-2021)<br>Last Updated By: Nikhila A.M. (Auditor, On 31-07-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sindhu T P (Audit Officer, On 30-07-2021)<br>Last Updated By: Nikhila A.M. (Auditor, On 31-07-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Sindhu T P (Audit Officer, On 30-07-2021)<br>Last Updated By: Sindhu T P (Audit Officer, On 30-07-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Sindhu T P (Audit Officer, On 30-07-2021)<br>Last Updated By: Sindhu T P (Audit Officer, On 30-07-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം/ഇൻവെസ്റ്റ്മെന്റ്<br>Written By: Sindhu T P (Audit Officer, On 30-07-2021)<br>Last Updated By: Sindhu T P (Audit Officer, On 30-07-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Sindhu T P (Audit Officer, On 30-07-2021)<br>Last Updated By: Nikhila A.M. (Auditor, On 31-07-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Sindhu T P (Audit Officer, On 30-07-2021)<br>Last Updated By: Sindhu T P (Audit Officer, On 30-07-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Sindhu T P (Audit Officer, On 30-07-2021)<br>Last Updated By: Sindhu T P (Audit Officer, On 30-07-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sindhu T P (Audit Officer, On 30-07-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 17-08-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Sindhu T P (Audit Officer, On 30-07-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-08-2021) | 4-11 |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ്സ് |

## ഭാഗം -1

### 1-1 ബജറ്റ്

വളപട്ടണം ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ബജറ്റ് 20.02.19 തീയതിയിലെ 1/1 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു

| | | |
|---|---|---|
| മുന്നിരിപ്പ് | 1,58,61,953 | ബജറ്റിൽ മാറ്റങ്ങൾ വന്നതിനാൽ പുതുക്കിയ ബജറ്റ് തയ്യാറാക്കാൻ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി തീരുമാനമെടുത്തിട്ടുണ്ടെങ്കിലും വിശദാംശങ്ങൾ മിനുട്സ് ചെയ്തിട്ടില്ല. |
| വരവ് | 15,48,06,838 | |
| ആകെ | 17,06,68,791 | |
| ചെലവ് | 16,00,46,903 | |
| നീക്കിയിരിപ്പ് | 1,06,21,888 | |

### 1-1-1 ബജറ്റ്- നടപടിക്രമങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നില്ല

ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ 08.02.19 ലെ 8/19 നമ്പർ തീരുമാനത്തിൽ ഘടകസ്ഥാപന മേധാവികൾ സമർപ്പിച്ച ബജറ്റ് നിർദ്ദേശങ്ങളും മറ്റു കമ്മറ്റികളുടെ ശുപാർശകളും പരിശോധിച്ച് 2019-20 വർഷത്തെ ബജറ്റ് ഫാറങ്ങൾ തയ്യാറാക്കി ആയത് ഫിബ്രവരി 15 നകം ഭരണസമിതിക്ക് മുമ്പാകെ സമർപ്പിക്കാനും തീരുമാനമെടുത്തിട്ടുണ്ട്.എന്നാൽ ബജറ്റ് ഫയൽ പൂർണ്ണമല്ലാത്തതിനാൽ ഘടകസ്ഥാപനങ്ങളുടെയും ഗ്രാമപഞ്ചായത്തിന്റെയും ആവശ്യങ്ങൾക്കനുസരിച്ചുള്ള നിർദ്ദേശങ്ങൾ പരിഗണിച്ചാണോ ബജറ്റ് തയ്യാറാക്കിയതെന്ന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.12.02.19 ലെ 13/19 നമ്പർ തീരുമാന പ്രകാരം ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ബജറ്റ് അംഗീകരിച്ച് ഭരണസമിതിക്ക് സമർപ്പിക്കാൻ തീരുമാനമെടുത്തിട്ടുണ്ട്.

12.02.19 ലെ 13/19 നമ്പർ തീരുമാന പ്രകാരം ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി തയ്യാറാക്കി അംഗീകരിച്ച ബജറ്റ് നിർദ്ദേശങ്ങൾ അതേപടി 16.02.19 തീയതിയിലെ ഒന്നാം നമ്പർ അജണ്ടയായി ഭരണസമിതി യോഗത്തിൽ അവതരിപ്പിക്കുകയും 20.02.19 ലെ ഭരണസമിതി യോഗം ബജറ്റ് അംഗീകരിക്കുകയുമാണ് ചെയ്തത്. ബജറ്റ് ചർച്ചകൾ സംബന്ധിച്ച യാതൊരു വിവരവും ഭരണസമിതി മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല.

### 1-1-2 ജന്റർബജറ്റ് പാസാക്കിയിട്ടില്ല

ബജറ്റ് മാന്വൽ സെക്ഷൻ 3-1-5 പട്ടിക 3 ൽ നിർദ്ദേശിച്ച മാതൃകയിലുള്ള ജന്റർ ബജറ്റ് തയ്യാറാക്കിയിട്ടില്ല. സ്ത്രീപുരുഷാനുപാതത്തിന് ആനുപാതികമായാണോ പദ്ധതികളിൽ തുക വകയിരുത്തപ്പെടുന്നത് എന്നോ ജന്റർ അടിസ്ഥാനത്തിൽ തുല്യനീതി ഉറപ്പു വരുത്തുന്നുണ്ടോ എന്നോ പരിശോധിക്കപ്പെടുന്നില്ല.

### 1-1-3 പുതുക്കിയ ബജറ്റ്

ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ 05.03.2020 ലെ 54(3)/20 നമ്പർ തീരുമാന പ്രകാരം 2019-20 ലെ ബജറ്റിൽ ചില മാറ്റങ്ങൾ വന്നതിനാൽ ബജറ്റ് റിവൈസ് ചെയ്യാൻ തീരുമാനമെടുത്തിട്ടുണ്ടെങ്കിലും വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ഭരണസമിതി മിനുട്സിലും

ഇതു സംബന്ധിച്ച രേഖപ്പെടുത്തലുകൾ ഇല്ല. ബജറ്റിൽ നിന്നുള്ള വ്യതിയാനങ്ങൾ ഉണ്ടായിരുന്നിട്ടും റിവൈസ്ഡ് ബജറ്റ് തയ്യാറാക്കി ഭരണസമിതിയുടെ അംഗീകാരം വാങ്ങാതിരുന്നത് ഗുരുതരമായ അപാകമാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2021 | 05.07.21 | തിരിച്ചയച്ചിട്ടില്ല |

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 07/06/2021 തീയതിയിലെ യോഗത്തിലെ03/2021 തീരുമാന പ്രകാരമാണ് 2020-21 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക അംഗീകരിച്ചത്.

### 1-2-1 വാർഷിക ധനകാര്യ പത്രിക - കണക്കുകളിൽ അവ്യക്തത

1.ജില്ലാ പഞ്ചായത്തു വിഹിതമിനത്തിൽ മുന്നിരിപ്പായി രേഖപ്പെടുത്തിയ 47832 രൂപ ഏതാവശ്യത്തിന് ലഭിച്ചതാണെന്ന് വ്യക്തമല്ല. മുൻവർഷങ്ങളിൽ ലഭിച്ച തുകയിലെ ആവശ്യമില്ലാത്ത തുക എന്ന നിലയിൽ പ്രസ്തുത തുക തിരിച്ചടക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2.ബ്ലോക്ക് വിഹിതമിനത്തിൽ 2019-20 സാമ്പത്തിക വർഷം വിനിയോഗിക്കാതെ അവശേഷിക്കുന്ന 85242 രൂപയിൽ 70400രൂപ ഓഡിറ്റ് വർഷം ലഭിച്ച തുകയിൽ നീക്കിയിരിപ്പുള്ളതാണ്. ബാക്കി തുക ഏതിനത്തിലുള്ളതാണെന്ന് വ്യക്തമല്ല. തുക തിരിച്ചടക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3.കാപ്പിറ്റൽ കോൺട്രിബ്യൂഷൻ ഇനത്തിൽ രേഖപ്പെടുത്തിയ തുക കാലികമാക്കാതെ ഒരേ തുക തന്നെ എല്ലാ വർഷവും രേഖപ്പെടുത്തുകയാണ് ചെയ്യുന്നത്. തുക കാലികമാക്കാത്തതിന്റെ കാരണം വ്യക്തമാക്കപ്പെട്ടിട്ടില്ല.

4. വരവു രജിസ്റ്ററുകളുടെ സംക്ഷിപ്തം - സെക്രട്ടറി സാക്ഷ്യപ്പെടുത്തിയത്- പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.

5. ബി 11, ആർപി 38 , ഇൻകം& എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് തുടങ്ങിയവയിൽ രേഖപ്പെടുത്തിയ അസറ്റ്/ഡിപ്രീസിയേഷൻ ഇനങ്ങളുടെ കാൽക്കുലേഷൻ ഷീറ്റ് പരിശോധനക്കായി ഹാജരാക്കിയിട്ടില്ലാത്തതിനാൽ രേഖപ്പെടുത്തിയ തുകയുടെ ആധികാരികത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

6.2019-20 സാമ്പത്തിക വർഷത്തെ ക്യൂ ബില്ലുകൾ ബാലൻസ് ഷീറ്റിൽ ബാധ്യതയായി ഉൾപ്പെടുത്തിയിട്ടില്ല.

7.ബി 11 ഷെഡ്യൂളിൽ ബിൽഡിംഗുകളുടെ അക്യുമുലേറ്റഡ് ഡിപ്രീസിയേഷൻ ഇനത്തിൽ വരുന്ന തുക കുറവു ചെയ്യുന്നതിനു പകരം കൂട്ടുകയാണ് ചെയ്തത്. മുൻവർഷം വരെയുള്ള ഡിപ്രീസിയേഷൻ തുക ഇതോടൊപ്പം ചേർത്തിട്ടുമില്ല.

8.തൊഴിൽ നികുതി ഇനത്തിൽ രജിസ്ററർ പ്രകാരം ഡിമാന്റ് 2429840രൂപയും കളക്ഷൻ 2405150 രൂപയും നീക്കിയിരിപ്പ് 24690രൂപയുമാണ്.സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല . ആയത് വാർഷിക ധനകാര്യ പത്രികയിലെ രേഖപ്പെടുത്തലുകളുമായി പൊരുത്തപ്പെടുന്നില്ല. അഡ്വാൻസ് കളക്ഷൻ ഇനത്തിലുള്ള തുക രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

9.ടെക്നിക്കൽ അസിസ്റ്റന്റിന് വേതനം നല്കുന്നതിനായി തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും സുലേഖ ചെലവു പത്രികയിൽ ചെലവു രേഖപ്പെടുത്തിയിട്ടില്ല.

## 1-2-2 വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ-തെറ്റായ അക്കൗണ്ട് ഹെഡിൽ വരവിലെടുത്തത്

2018-19 സാമ്പത്തിക വർഷത്തെ കണ്ണൂർ ബ്ലോക്ക് പഞ്ചായത്ത് പദ്ധതിയായ എ മഹമൂദ് റോഡ് മുതൽ താജും ഉല്യം സ്കൂൾ റോഡ് വരെയുള്ള റോഡിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതിനായി റോഡ് റസ്റ്റോറേഷൻ ചാർജ്ജിനത്തിൽ 627000രൂപ (ചെക്ക് നമ്പർ 949883/04.01.2020)സംയുക്ത പദ്ധതികൾക്കായി ലഭിച്ച ബ്ലോക്ക് വിഹിതം (കാപ്പിറ്റൽ) ഇനത്തിലാണ് വാർഷിക ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയത്. 2019-20 ലെ ബാലൻസ് ഷീറ്റ് ബി 4 ഷെഡ്യൂളിൽ പ്രസ്തുത തുക ബ്ലോക്ക് വിഹിതമിനത്തിലുള്ള നീക്കിയിരിപ്പായി കാണിച്ചിട്ടുണ്ട്.

2020-21 സാമ്പത്തിക വർഷം ജേണൽ എൻട്രി ചെയ്ത് പ്രസ്തുത തുക തനതു ഫണ്ടിലേക്ക് മാറ്റി ചെലവു ചെയ്തതായി സെക്രട്ടറി മറുപടി നല്കിയിട്ടുണ്ട്. ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2-3 ജേണൽ എൻട്രി നടത്തിയത്-കൃത്യമായ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല

വൗച്ചർ നമ്പർ 21900983/18.02.2020 പ്രകാരം ₹86231 ചെലവ് രേഖപ്പെടുത്തിയിട്ടുണ്ട്.2018-19 ൽ പേമെന്റ് രേഖപ്പെടുത്താൻ വിട്ടു പോയത് എന്നാണ് വിശദീകരണം ചേർത്തത്.എന്നാൽ ഏത് ചെലവാണ് വിട്ടു പോയത് എന്ന് വിശദമാക്കാൻ കഴിഞ്ഞിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണം നമ്പർ 6/19-20 21.07.21 നല്കിയ മറുപടിയിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ 05.02.20 ലെ 53/9 നമ്പർ തീരുമാനപ്രകാരമാണ് ചെലവ് ക്രമീകരിച്ചതെന്ന് അറിയിച്ചിട്ടുണ്ട്.പ്രസ്തുത തീരുമാനത്തിൽ അക്കൗണ്ട് നമ്പർ 11827 ൽ പേമെന്റ് വന്നത് രേഖപ്പെടുത്താൻ വിട്ടുപോയത് എന്നാണ് കാണിച്ചത്. ആയതും ചെലവിന്റെ കാര്യത്തിൽ വ്യക്തത വരുത്തുന്നില്ല. മേൽ ചെലവിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 2,50,66,713 |
| വരവ് | 16,03,33,137 |
| ആകെ | 18,53,99,850 |
| ചെലവ് | 15,81,29,589 |
| നീക്കിയിരിപ്പ് | 2,72,70,261 |
| വരവിനങ്ങളിലുള്ള നഷ്ടം | .. |
| ചെലവിനങ്ങളിലുള്ള നഷ്ടം | 16313 |
| ഓഡിറ്റിൽ തടസപ്പെടുത്തിയ തുക | 572902 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ക്യൂ ബിൽ | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|

| | | | | | | /ലാപ്സായ തുക (ക്യൂ ബിൽ ഉൾപ്പെടെ) |
|---|---|---|---|---|---|---|
| വികസന ഫണ്ട് -ജനറൽ (ACR പ്രകാരം) | 0 | 4321000 | 4321000 | 3614319 | 165850 | 706681 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 475000 | 475000 | 241197 | .. | 233803 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 1316000 | 1316000 | 263200 | 1052800 | 1052800 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 3251000 | 3251000 | 2904467 | 344711 | 346533 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 2684662 | 2684662 | 521377 | 917325 | 2163285 |
| ദുരിതാശ്വാസനിധി | 58933 | 14256 | 73189 | 0 | | 73189 |
| ടോട്ടൽ സാനിറ്റേഷൻ കാംപെയ്ൻ | 580007 | 28139 | 608146 | 293575 | | 314571 |
| ഐസിഡിഎസ്-കേന്ദ്രവിഹിതം | 487554 | 51894 | 539448 | 0 | | 539448 |
| എം പി ഫണ്ട് | 1923 | 569 | 2492 | 60 | | 2432 |
| വിമുക്തി | | | | | | |
| ലൈബ്രറി ഗ്രാന്റ് | 0 | 43400 | 43400 | 31398 | | 12002 |
| സാക്ഷരത | 94879 | 4803 | 99682 | 0 | | 99682 |
| മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതി- 100ദിവസത്തെ തൊഴിൽ പൂർത്തിയാക്കിയവർക്കുള്ള ബോണസ് | 0 | 5000 | 5000 | 5000 | .. | 0 |
| ശുചിത്വ മിഷൻ ഗ്രാന്റ് | 90000 | 0 | 90000 | 0 | .. | 90000 |
| ആശ്രയ മുതലായവ | 271142 | 386 | 271528 | 227921 | .. | 43607 |

തനത് ഫണ്ട്, ജനറൽ പർപ്പസ് ഗ്രാന്റ് തുടങ്ങിയവയുമായി ബന്ധപ്പെട്ട വരവു ചെലവുകൾ പ്രത്യേകമായി രേഖപ്പെടുത്തുന്ന രജിസ്റ്ററുകൾ സൂക്ഷിക്കാത്തതിനാൽ വിവരങ്ങൾ രേഖപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.

ഐ.കെ.എം. തയ്യാറാക്കി ഗ്രാമപഞ്ചായത്ത് സാക്ഷ്യപ്പെടുത്തിയ പദ്ധതിയേതര ഗ്രാന്റ് വിനിയോഗ പത്രിക പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല. വാർഷിക കണക്കുകളുടെ ഓഡിറ്റിന്റെ ഭാഗമായി

വിനിയോഗ വിവരങ്ങൾ പരിശോധന നടത്തി ബോധ്യപ്പെട്ടതിന് വിധേയമായി അനുബന്ധം-2 സാക്ഷ്യപത്രം പുറപ്പെടുവിക്കുന്നു.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗിക മായി നടപ്പാ ക്കിയത് (എണ്ണം) | നടപ്പാ ക്കാത്തവ (എണ്ണം) | പൂർത്തീ കരിച്ച പ്രോജ ക്ടുകളുടെ എണ്ണം | പൂർത്തീ കരിച്ച പ്രോജ ക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 122 | 31557059 | 84(*) | 14539061 | 9 | 38 | 75 | 61.47 |

(*) പൂർത്തിയാക്കിയതും ക്യൂബില്ലിൽ ഉൾപ്പെട്ടതിനാൽ ചെലവു വരാത്തതുമായ പദ്ധതികൾ ഉൾപ്പെടുത്തിയിട്ടില്ല

<u>നിർവ്വഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു</u>

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | പദ്ധതി അടങ്കൽ | പദ്ധതിച്ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 8 | 7 | 1067672 | 948494 | 88.8 |
| വെറ്ററിനറി സർജൻ | 6 | 6 | 201100 | 199978 | 99.4 |
| മെഡിക്കൽ ഓഫീസർ,പിഎച്ച്സി | 8 | 8 | 1494061 | 1151044 | 77 |
| മെഡിക്കൽ ഓഫീസർ -ഹോമിയോ(**) | 2 | 0 | 2,50,000 | 0 | 0 |
| മെഡിക്കൽ ഓഫീസർ-ആയുർവേദ | 2 | 2 | 8,00,000 | 7,82,015 | 97.75 |
| വിഇഒ | 9 | 6 | 36,95,470 | 6,25,470 | 16.9 |
| ഐസിഡിഎസ് സൂപ്പർവൈസർ | 3 | 2 | 12,40,000 | 10,37,764 | 83.69 |
| സെക്രട്ടറി | 27 | 20 | 47,24,074 | 23,09,528 | 48.89 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 52 | 29 | 1,78,24,522 | 73,63,571 | 41.31 |
| അസിസ്റ്റന്റ് സെക്രട്ടറി | 5 | 4 | 2,60,750 | 1,21,197 | 46.48 |
| ആകെ | 122 | 84 | 3,15,57,059 | 1,45,39,061 | 46.07 |

(**) ഹോമിയോ ആശുപത്രിയിലേക്ക് മരുന്നുകൾ വാങ്ങുന്നതിനും കണ്ടിജന്റ് ചെലവുകൾക്കു വേണ്ടിയും രണ്ട് പദ്ധതികളാണ് ഉൾപ്പെടുത്തിയിരുന്നത്. മരുന്നുകൾ ആവശ്യമില്ലായിരുന്നതിനാൽ

പദ്ധതി നടപ്പാക്കിയിരുന്നില്ല. കണ്ടിജന്റ് ചെലവുകൾക്കായി പദ്ധതിയിൽ ഉൾപ്പെടുത്താതെ തനതു ഫണ്ടിൽ നിന്നും മുൻകൂറായി തുക അനുവദിച്ചു. ആവശ്യകത പരിഗണിക്കാതെ പദ്ധതി തയ്യാറാക്കിയത് അപാകമാണ്.

പദ്ധതി ചെലവ് 46.07% മാത്രമാണ്. പദ്ധതികളുടെ ആവശ്യകതയും പ്രായോഗികതയും പരിശോധിച്ച ശേഷം പദ്ധതികൾ രൂപീകരിക്കാനും പദ്ധതി മാർഗ്ഗനിർദ്ദേശങ്ങളിൽ നിർദ്ദേശിച്ച പ്രകാരമുള്ള പ്രവർത്തന കലണ്ടർ പാലിക്കാനും ഫണ്ട് ലാപ്സാകുന്നത് ഒഴിവാക്കാനും ശ്രദ്ധിക്കേണ്ടതാണ്.

വി ഇ ഒ, സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, അസിസ്റ്റന്റ് എഞ്ചിനീയർ തുടങ്ങിയ നിർവ്വഹണ ഉദ്യോഗസ്ഥരുടെ ചെലവു ശതമാനം വളരെ കുറവാണ്. കൃത്യമായ ആസൂത്രണത്തിലൂടെ പദ്ധതി നിർവ്വഹണം ക്രമീകരിക്കാനും പദ്ധതിപ്പണം പാഴാവാതിരിക്കാനും ഉതകുന്ന തരത്തിലുള്ള നയപരിപാടികൾ സ്വീകരിക്കേണ്ടതും നടപ്പാക്കാൻ കഴിയാത്ത പദ്ധതികൾ ഏറ്റെടുക്കുന്നില്ല എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

വർക്കിംഗ് ഗ്രൂപ്പുകൾ

പദ്ധതി രൂപീകരണ നിർവ്വഹണ വേളകളിൽ സുപ്രധാന പങ്ക് വഹിക്കേണ്ട വർക്കിംഗ് ഗ്രൂപ്പുകളുടെ പദ്ധതി നിർദ്ദേശങ്ങൾ നല്കുന്നതിലേക്കു മാത്രമായി ചുരുങ്ങുന്നത് ഒട്ടും ആശാസ്യമല്ല. പ്രോജക്ടുകൾ അംഗീകരിക്കപ്പെട്ടതിനു ശേഷം നിർവ്വഹണ ഉദ്യോഗസ്ഥരെ ഒഴിവാക്കിക്കൊണ്ട് മോണിറ്ററിംഗ് കമ്മറ്റികൾ രൂപീകരിക്കുകയോ കൃത്യമായ പദ്ധതി അവലോകനം നടത്തി പദ്ധതി മോണിറ്ററിംഗ് നടത്തുകയോ ചെയ്തിട്ടില്ല എന്നത് ഗുരുതരമായ അപാകമാണ്.

## 1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3426 | 165 | 3591 | 9 | 3582 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് -സാധനഘടകം ഉൾപ്പെടെ | .. | 1,24,000 | 124000 | 124000 | 0 |
| | 3426 | 124165 | 127591 | 124009 | 3582 |

ഗ്രാമപഞ്ചായത്തിൽ എം എൻ ആർ ഇ ജി എസ് വിഭാഗത്തിൽ ജീവനക്കാർ ഇല്ല. ബ്ലോക്ക് പഞ്ചായത്തിലെ ജീവനക്കാരാണ് ഗ്രാമപഞ്ചായത്തിലെ പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുന്നതും മറ്റ് ഭരണപരമായ ചുമതലകൾ നിർവ്വഹിക്കുന്നതും. അതുകൊണ്ടു തന്നെ ഗ്രാമപഞ്ചായത്തിൽ ഭരണച്ചെലവ് വരുന്നില്ല.മുന്നിരിപ്പായി കാണിച്ച തുക പദ്ധതി തുടങ്ങിയ ഘട്ടത്തിൽ ലഭിച്ച തുകയിൽ നീക്കിയിരിപ്പുള്ളതാണ്.

## 1-6-1 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- ഗ്രാമപഞ്ചായത്ത് തല പ്രവർത്തനങ്ങൾ

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങൾ 220 ആണെങ്കിലും 6 കുടുംബങ്ങൾ മാത്രമാണ് തൊഴിൽ ആവശ്യപ്പെട്ടിട്ടുള്ളത്. 2019-20 സാമ്പത്തിക വർഷം ആകെ 70 തൊഴിൽ ദിനങ്ങൾ മാത്രമാണ് നല്കേണ്ടി വന്നത്.ആയത്

വ്യക്തിഗത ആവശ്യങ്ങൾക്കു വേണ്ടിയുള്ള അനുബന്ധ പ്രവൃത്തികൾ മാത്രമായിരുന്നു എന്നത് ഗ്രാമപഞ്ചായത്ത് തലത്തിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിലുള്ള പരാജയമാണ് കാണിക്കുന്നത്. 2019-20 സാമ്പത്തിക വർഷം 100 തൊഴിൽ ദിനങ്ങൾ ആരും തന്നെ പൂർത്തിയാക്കിയിട്ടില്ല.

220 കുടുംബങ്ങൾ രജിസ്റ്റർ ചെയ്തെങ്കിലും പൊതു സ്ഥലങ്ങളിലുള്ള തൊഴിലുകൾ കണ്ടെത്തുന്നതിലേക്കും തൊഴിൽ നല്കി സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുക എന്ന പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിലേക്കും ഗ്രാമപഞ്ചായത്ത് തലത്തിലുള്ള പ്രവർത്തനങ്ങൾ പര്യാപ്തമായിട്ടില്ല. പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിനാവശ്യമായ ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതിലേക്കായി ഈ വിഷയം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽ പെടുത്തുന്നു.

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 2980 | 3 |
| കർഷകതൊഴിലാളി പെൻഷൻ | 16800 | 2 |
| വിധവാപെൻഷൻ | 2040600 | 265 |
| വാർദ്ധക്യകാലപെൻഷൻ | 4585500 | 562 |
| വികലാംഗപെൻഷൻ | 726900 | 93 |
| അമ്പത് വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 54000 | 10 |

ക്ഷേമപെൻഷൻ അപേക്ഷ രജിസ്റ്ററുകൾ നിശ്ചിത മാതൃകയിൽ സൂക്ഷിക്കേണ്ടതും രജിസ്റ്ററിൽ പെൻഷൻ അനുവദിക്കപ്പെട്ടവരുടെ പെൻഷനർ ഐ ഡി ഉൾപ്പെടെ മാതൃകയിൽ പരാമർശിച്ച എല്ലാ വിവരങ്ങളും രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

## 1-8 ക്യാഷ് ബാലൻസ്

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.07.2021 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ

നടത്തുകയുണ്ടായി. പരിശോധനയിൽ 355 രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു .

## 1-9 ആഭ്യന്തര നിയന്ത്രണം

ഓഡിറ്റ് വർഷത്തെ രേഖകൾ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം ഏറെക്കുറെ തൃപ്തികരമാണെന്ന് ബോധ്യപ്പെട്ടു. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. സൂചിക ബാക്ക് ഓഫീസ് പ്രവർത്തന ക്ഷമമായിട്ടില്ല.

ഫയലുകൾ തീർപ്പാക്കുന്നതിലായാലും സേവനങ്ങൾ നല്കുന്നതിലായാലും കാര്യമായ വീഴ്ചകൾ വരുന്നതായി ശ്രദ്ധയിൽ പെട്ടിട്ടില്ല. ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകൾ വഴി ആവശ്യമായ നിർദ്ദേശങ്ങൾ നല്കുകയും ചുമതലാ ക്രമീകരണങ്ങൾ വരുത്തുകയും ചെയ്യുന്നുണ്ട്. എന്നാൽ സെക്ഷനുകളുടെ കർത്തവ്യങ്ങൾ കൃത്യമായി നിർവ്വചിച്ച് കൊണ്ടുള്ള ജോലി വിഭജന രേഖ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. പ്രതിമാസ യോഗങ്ങൾ ചേർന്ന് ജീവനക്കാരുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിലും നിർദ്ദേശങ്ങൾ നല്കുന്നതിലും വേണ്ടത്ര ശ്രദ്ധ ചെലുത്തിയിട്ടില്ല. ഓഡിറ്റ് വർഷം ഏഴ് തവണയാണ് സ്റ്റാഫ് മീറ്റിംഗ് വിളിച്ച് ചേർത്തിട്ടുള്ളത്.

സ്റ്റാൻഡിംഗ് കമ്മറ്റി മിനട്സുകളിൽ ഘടകസ്ഥാപനങ്ങളുടെ പ്രവർത്തനം വിലയിരുത്തുന്നതുമായി ബന്ധപ്പെട്ട ചർച്ചകളോ തീരുമാനങ്ങളോ ഉൾപ്പെടുത്തിയിട്ടില്ല.

ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി മിനട്സിൽ ഐ എസ് ഒ സർട്ടിഫിക്കേഷനുമായി ബന്ധപ്പെട്ട നടപടികളുടെ ഭാഗമായി ഉപയോഗ ശൂന്യമായി കണ്ടെത്തിയ ഫയലുകളും രേഖകളും നശിപ്പിക്കാൻ തീരുമാനമെടുത്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. 2017 ലേതുൾപ്പെടെയുള്ള ഫയലുകൾ പ്രസ്തുത ലിസ്റ്റിൽ ഉണ്ട്. ഉന്നതാധികാരികളെ അറിയിക്കാതെയും വിശദാംശങ്ങൾ രേഖപ്പെടുത്താതെയും വിവരാവകാശ അപേക്ഷകൾ ഉൾപ്പെടെയുള്ള രേഖകൾ നശിപ്പിക്കാൻ തീരുമാനിച്ചത് ശരിയായ നടപടിയല്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി | റിമാർക്സ് |
|---|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23.04.21 | 1/21,3/21 | 23.04.21 | ആഭ്യന്തര നിയന്ത്രണവുമായി ബന്ധപ്പെട്ട പരാമർശങ്ങൾ തീർപ്പാക്കാൻ ബാക്കിയുണ്ട്. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 13.12.17 മുതൽ 23.12.17 വരെ | 2012-13 മുതൽ 2016-17 വരെ | 09.02.18 | ആകെ നാല് പരാമർശങ്ങൾ ഉണ്ടായിരുന്നതിൽ രണ്ടെണ്ണം തീർപ്പാക്കിയിട്ടുണ്ട് . ബിഎസ്എൻ എൽ കെട്ടിടത്തിന് വസ്തുനികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട പരാമർശവും പഞ്ചായത്ത്ഓഫീസ് കെട്ടിടനിർമ്മാണത്തിന്റെ ടെണ്ടർ നടപടികളുമായി ബന്ധപ്പെട്ട |

| | | | | |
|---|---|---|---|---|
| | | | | അപാകങ്ങളും തീർപ്പാക്കാതെ അവശേഷിക്കുന്നു. |

## 1-11 ഗ്രാമസഭ

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിലെ 13 വാർഡുകളിലും രണ്ടു തവണ വീതം മാത്രമാണ് ഗ്രാമസഭകൾ സമ്മേളിച്ചിട്ടുള്ളത്.വരവു ചെലവു കണക്കുകൾ അംഗീകരിക്കൽ, തൊഴിലുറപ്പു പദ്ധതിയുമായി ബന്ധപ്പെട്ട തീരുമാനങ്ങൾ, ഗുണഭോക്തൃ തെരഞ്ഞെടുപ്പ് തുടങ്ങിയവയാണ് പ്രധാന അജണ്ടകൾ. ഗ്രാമസഭകളിൽ പദ്ധതി അവലോകനം സംബന്ധിച്ച ചർച്ചകൾ നടത്തുന്നില്ല എന്നത് പോരായ്മയാണ്. അധികാര വികേന്ദ്രീകരണത്തിൽ ഗ്രാമസഭകൾക്ക് പഞ്ചായത്ത് ഭരണ നിർവ്വഹണത്തിന്റെ എല്ലാ ഘട്ടങ്ങളിലും ഇടപെടലുകളും നിർദ്ദേശങ്ങളും നല്കാമെന്നിരിക്കെ പദ്ധതി നിർദ്ദേശങ്ങൾ നല്കുന്നതിലേക്കും ഗുണഭോക്തൃ തെരഞ്ഞെടുപ്പിലും മാത്രമായി ഗ്രാമസഭാ പ്രവർത്തനം ഒതുങ്ങുന്നത് ഒട്ടും ആശാസ്യമല്ല. പദ്ധതി നിർവ്വഹണ ഘട്ടത്തിലും പൂർത്തീകരിച്ചതിനു ശേഷവുമുള്ള കാര്യങ്ങൾ പരിശോധിക്കപ്പെടേണ്ടതും സ്വതന്ത്രവും നിഷ്പക്ഷവുമായ അഭിപ്രായങ്ങളും വിലയിരുത്തലുകളും സ്വരൂപിക്കേണ്ടതുമാണ്.

സാമൂഹ്യസുരക്ഷാ പെൻഷൻ വിതരണത്തിൽ വരുന്ന പിഴവുകൾ ഒഴിവാക്കുന്നതിനും ഗ്രാമസഭകളുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്. മരണപ്പെട്ട ഗുണഭോക്താക്കളെ യഥാസമയം ഒഴിവാക്കുന്നതിനും അനർഹരെ ഒഴിവാക്കുന്നതിനും ഗ്രാമസഭകളുടെ സമയോചിതമായ ഇടപെടലുകൾ സഹായകമാകുന്നതാണ്. എല്ലാ ഗ്രാമസഭകളിലും പ്രസ്തുത വിഷയം അജണ്ടയായി ഉൾപ്പെടുത്താവുന്നതാണ്.

ഗ്രാമസഭാ മിനുട്സുകൾ രേഖപ്പെടുത്തിയതിൽ പങ്കെടുത്ത ഗുണഭോക്താക്കളുടെ പ്രതിനിധികളായി 15 പേരെങ്കിലും ഒപ്പു വെക്കണമെന്ന വ്യവസ്ഥ പാലിക്കപ്പെട്ടിട്ടില്ല.ഗ്രാമസഭകളിൽ ഓഡിറ്റ് റിപ്പോർട്ടുകൾ ചർച്ച ചെയ്യപ്പെടുന്നില്ല എന്നതും അപാകമാണ്.

## 1-12 രസീത് ബുക്കുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയില്ല

2011-ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ അധ്യായം 2-ൽ ചട്ടം 4(3) പ്രകാരം അക്കൗണ്ട് പുസ്തകങ്ങൾ കൈ എഴുത്തായി സൂക്ഷിക്കുന്ന അവസരങ്ങളിൽ രസീതുകൾ ഓരോ പേജും ക്രമമായി നമ്പറിട്ട് സൂക്ഷിക്കേണ്ടതും പഞ്ചായത്തിന്റെ സീൽ പതിപ്പിക്കേണ്ടതും പഞ്ചായത്തിന്റെ സെക്രട്ടറിയോ അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ ഓരോ രസീതിന്റെയും താളുകൾ എണ്ണി തിട്ടപ്പെടുത്തി അവസാനത്തെ പേജിൽ സാക്ഷ്യപത്രം രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽവളപട്ടണം ഗ്രാമ പഞ്ചായത്ത് രശീത് ബുക്കുകൾ ഉപയോഗിച്ചത് സാക്ഷ്യപത്രം രേഖപ്പെടുത്താതെയാണ്.

| രശീതി ബുക്ക് നമ്പർ |
|---|
| 1079 |
| 1980 |
| 65805 |
| 65813 |
| 1076 |
| 65812 |

| |
|---|
| 65819 |
| 65808 |
| 65809 |

ചില രസീത് ബുക്കുകളിൽ അവശേഷിക്കുന്ന രശീതികൾ ക്യാൻസൽ ചെയ്യുകയോ ക്യാൻസൽ ചെയ്തവ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-13 എഫ് ടി ഇ & ഒ എസ് ലൈസൻസ് ഈടാക്കിയതിലെ അപാകങ്ങൾ

A)ലാൻഡ് യൂസ് ബോർഡ് തയ്യാറാക്കിയ വളപട്ടണം പഞ്ചായത്തിന്റെ വിഭവ ഭൂപട ഡിജിറ്റൽ അറ്റ്ലസ് പ്രകാരം പഞ്ചായത്തിന്റെ പരിധിയിൽ 12 ഈർച്ച മില്ലുകളും, 3റേഷൻ കടകളും പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചപ്പോൾ 9 ഈർച്ച മില്ലുകളിൽനിന്നും, 1 റേഷൻ കടയിൽ നിന്നും മാത്രമെ ലൈസൻസ് ഫീ ഈടാക്കിയിട്ടുള്ളു. കാരണം വിശദമാക്കേണ്ടതാണ് എന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (19/22.07.2021)മറുപടി ലഭിച്ചിട്ടില്ല. മേൽ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

B)തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31-10-17ലെ ജി.ഒ.(പി)നം.80/2017 പ്രകാരം ഡി&ഒ ലൈസൻസ് ചട്ടം ഭേദഗതി ചെയ്തിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ വളപട്ടണം ഗ്രാമപഞ്ചായത്ത് 23-04-2018ലെ 98 ാം നമ്പർ ഭരണസമിതി തീരുമാനം പ്രകാരം വ്യാപാര സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകുന്നതിന് മൈക്രോ എന്റർപ്രൈസസ് വിഭാഗത്തിൽ വരുന്ന സേവനങ്ങൾക്കും ഉൽപാദനങ്ങൾക്കും താഴെ പറയും പ്രകാരം ലൈസൻസ് ഫീസ് ഈടാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

| ഉൽപാദന മേഖല | |
|---|---|
| 50000രൂപ വരെ മൂലധനം ഉള്ളത് | 100 |
| 50000രൂപ മുതൽ 1 ലക്ഷം വരെ മൂലധനം ഉള്ളത് | 200 |
| 1 ലക്ഷത്തിന് മുകളിൽ 2 ലക്ഷം വരെ മൂലധനം ഉള്ളത് | 300 |
| 2 ലക്ഷത്തിന് മുകളിൽ 5ലക്ഷം വരെ മൂലധനം ഉള്ളത് | 350 |
| 5 ലക്ഷത്തിന് മുകളിൽ പത്ത് ലക്ഷം വരെ മൂലധനം ഉള്ളത് | 400 |
| 10ലക്ഷത്തിന് മുകളിൽ 25 ലക്ഷം വരെ മൂലധനം ഉള്ളത് | 500 |
| 2500001രൂപ മുതൽ 1 കോടി രൂപ വരെ മൂലധനം ഉള്ളത് | 1000 |
| 10000001 രൂപ മുതൽ 5 കോടി രൂപ വരെ മൂലധനം ഉള്ളത് | 5000 |
| സേവന മേഖല | |
| 25000 രൂപ വരെ മൂലധനം ഉള്ളത് | 100 |
| 25000മുകളിൽ 1ലക്ഷം വരെ മൂലധനം ഉള്ളത് | 200 |
| | |

| | |
|---|---|
| 1ലക്ഷത്തിന് മുകളിൽ 2 ലക്ഷം വരെ മൂലധനം ഉള്ളത് | 300 |
| 2 ലക്ഷത്തിന് മുകളിൽ 3 ലക്ഷം വരെ മൂലധനം ഉള്ളത് | 400 |
| 300001രൂപ മുതൽ 10ലക്ഷം രൂപ വരെ മൂലധനം ഉള്ളത് | 500 |
| 1000001 രൂപ മുതൽ 50ലക്ഷം രൂപ വരെ മൂലധനം ഉള്ളത് | 1000 |
| 5000001രൂപ മുതൽ 2കോടി രൂപ വരെ മൂലധനം ഉള്ളത് | 5000 |

എന്നാൽ താഴെ പറയുന്നവരിൽ നിന്നും കുറഞ്ഞ നിരക്കിലാണ് ലൈസൻസ് ഫീസ് ഈടാക്കിയിട്ടുള്ളത്.

| ക്രമ നം. | പേര് / വാർഡ് നമ്പർ | ആവശ്യം | മൂലധനം | ഈടാക്കേണ്ട തുക | ഈടാക്കിയ തുക | റിമാർക്സ് (ഓഡിറ്റ് ഇംപാക്ട്) |
|---|---|---|---|---|---|---|
| 1 | സി പി ജാവിദ് V/209 | പ്ലൈവുഡ്,ബ്ലാക്ക് ബോർഡ് ഫർണിച്ചർ നിർമ്മാണം | 50000000 | 5000 | 4000 | കുറവ് വന്ന തുക 1000/-രൂപ രസീത് നം.121020100302 തിയ്യതി 27.07.21 പ്രകാരം ഒടുക്കി |
| 2 | ഏ പി ശാദുലി VIII/32 | സ്റ്റേഷനറി,ബേക്കറി കട | 150000 | 300 | 100 | കുറവ് വന്ന തുക 200/-രസീത് നം.1210201001297 തിയ്യതി 27.07.21 പ്രകാരം ഒടുക്കി |
| 3 | ഡോ: സി കെ ഫയാസ് II/301 | ഡന്റൽ ക്ലിനിക്ക് | 1000000 | 500 | 300 | കുറവ് വന്ന തുക 200/-രസീത് നം.121020100304 തിയ്യതി 27.07.21 പ്രകാരം ഒടുക്കി |
| 4 | VIII/4 എൻ രാജേഷ് | അലൂമിനിയം ഫാബ്രിക്കേഷൻ | 200000 | 300 | 100 | കുറവ് വന്ന തുക 200/-രസീത് നം.121020100288 തിയ്യതി200/- 26.07.21 പ്രകാരം ഒടുക്കി |
| 5 | VIII/173എം പി രജ്ഞൽ നാഥ് | ഫർണിച്ചർ വിൽപ്പന | 300000 | 400 | 200 | കുറവ് വന്ന തുക 200/-രസീത് നം.121020100328б |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | തിയ്യതി 26.07.21 പ്രകാരം ഒടുക്കി |
| 6 | അൻസാരി പി എം VII/191 | പ്ലൈവുഡ് സ്റ്റോക്കിങ്ങ് | 200000 | 300 | 200 | കുറവ് വന്ന തുക 100/-രൂപ രസീത് നം.121020100289 തിയ്യതി 26.07.21 പ്രകാരം ഒടുക്കി |

അപേക്ഷകരിൽ നിന്നും മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കത്താതിന്റെ കാരണം വിശദമാക്കേണ്ടതാണ് എന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി (19/22.07.2021) നൽകിയതിന്റെ അടിസ്ഥാനത്തിൽ മേൽ കാണിച്ച രസീത് നമ്പർ പ്രകാരം കുറവ് വന്ന തുക ഒടുക്കിയിട്ടുണ്ട്. വരും വർഷങ്ങളിലും ഭരണസമിതി തീരുമാന പ്രകാരം നിശ്ചയിച്ച നിരക്കിൽ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
മണൽ ഫിൽട്ടറിംഗ് കേന്ദ്രങ്ങളിൽ യന്ത്രസാമഗ്രികൾ ഉപയോഗപ്പെടുത്തിയാണ് ഫിൽട്ടറിംഗ് നടത്തുന്നതെങ്കിൽ, ലൈസൻസ് ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 ഇ ടെണ്ടർ - ടെണ്ടർ ഫീസ് തിരികെ ലഭിച്ചിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ അസിസ്റ്റന്റ് എഞ്ചിനീയർ
വളപട്ടണം ഗ്രാമപഞ്ചായത്തിൽ ഇ ടെണ്ടർ മുഖേന നടപ്പാക്കിയ പ്രവൃത്തികളുടെ ടെണ്ടർ ഫീസിനത്തിൽ 2019-20 സാമ്പത്തിക വർഷം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ 12442 രൂപ വരവു വന്നിട്ടുണ്ട്. പ്രസ്തുത തുക തിരികെ ലഭിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. മുൻവർഷങ്ങളിൽ തിരികെ ലഭിക്കാനുള്ള തുക സംബന്ധിച്ച വിശദാംശങ്ങൾ ജില്ലാ പഞ്ചായത്തിന് സമർപ്പിച്ച് ആയതും തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ജി എസ് ടി ഇനത്തിലുള്ള തുക അടവാക്കിയിട്ടുണ്ടെന്നും ഉറപ്പ് വരുത്തേണ്ടതാണ്.

## 1-15 തൊഴിൽ നികുതി

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 പ്രകാരം ഒരു അർദ്ധ വർഷത്തിൽ മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ കമ്പനിയുടെയും, ആകെക്കൂടി 60 ദിവസത്തിൽ കുറയാതെ ഗ്രാമപഞ്ചായത്ത് പ്രദേശത്തിനുള്ളിലോ, ആ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് അതിനു വെളിയിലോ ഏതെങ്കിലും ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ബിസിനസിലോ ഏർപ്പെട്ടിട്ടുണ്ടെങ്കിൽ അല്ലെങ്കിൽ പൊതുവായ/സ്വകാര്യമായ ഉദ്യോഗം വഹിക്കുന്നതോ ആയ ഏതൊരാളുടേയും മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്. 2019-20 വർഷം പഞ്ചായത്ത് പരിധിയിൽ 60 ദിവസത്തിൽ കൂടുതൽ ജോലി ചെയ്ത ശേഷം 31.07.19 ന് വിരമിച്ച ശ്രീ ചന്ദ്രൻ അലോകൻ എന്നവർ തൊഴിൽ നികുതി ഒടുക്കിയിരുന്നില്ല. ഓഡിറ്റ് എൻക്വയറി നമ്പർ 20/19-20 തീയതി 25.07.21 പ്രകാരം പ്രസ്തുത വിഷയം ശ്രദ്ധയിൽ പെടുത്തിയതിനെ തുടർന്ന് 1250 രൂപ റസീറ്റ് നമ്പർ 121020100313/30.07.21പ്രകാരം ഒടുക്കിയിട്ടുണ്ട്.

## 1-16 വാട്ടർ അതോറിറ്റിക്ക് ഡപ്പോസിറ്റ് തുക നൽകൽ .3059രൂപ തിരികെ ഈടാക്കേണ്ടതാണ്.

വൗച്ചർ നം 1142/20.03.20 പ്രകാരം പതിനൊന്നാം വാർഡിൽ കുടിവെള്ള കണക്ഷന് പൈപ്പ് ലൈൻ വലിക്കുന്നതിനുള്ള ഡപ്പോസിറ്റ് തുകയായി എസ്റ്റിമേറ്റ് പ്രകാരം ₹ 35000 രൂപ വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുണ്ട്. തുക വിനിയോഗിച്ച് പ്രവൃത്തി പൂർത്തീകരിച്ചതിന്റെ രേഖകൾ, മോണിറ്ററിംഗ് റിപ്പോർട്ട്, എന്നിവ ഹാജരാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (6/21.07.21) നൽകിയതിന് ശേഷം കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ഹാജരാക്കിയ വിനിയോഗ സാക്ഷ്യപത്രത്തിൽ (നമ്പർ, തിയ്യതി ഇല്ല) 31,941/- രൂപ വിനിയോഗിച്ചിട്ടുണ്ടെന്നും 3059 നീക്കിയിരിപ്പായി വാട്ടർ അതോറിറ്റിയിൽ ഉണ്ടെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. പ്രവൃത്തിയുടെ ബിൽ അബ്സ്ട്രാക്ട് കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ലഭ്യമാക്കി ഹാജരാക്കേണ്ടതും കേരള വാട്ടർ അതോറിറ്റിയിൽ നീക്കിയിരിപ്പായുള്ള 3059രൂപ തിരികെ ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-17 സ്ട്രീറ്റ് ലൈറ്റ് ഉപകരണങ്ങൾ വാങ്ങൽ- അപാകങ്ങൾ - 1,23,750/- രൂപയുടെ ചെലവ് തടസത്തിൽവെക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി , വളപട്ടണം ഗ്രാമപഞ്ചായത്ത് |
| പ്രോജക്ട് നമ്പർ പേര് | 109/20 സ്ട്രീറ്റ് ലൈറ്റ് ഉപകരണങ്ങൾ വാങ്ങൽ |
| അടങ്കൽ | 60,000 (പ്ലാൻ ഫണ്ട്)<br>90,000( തനത് ഫണ്ട്)<br>ആകെ ₹1,50,000 |
| ചെലവ് /ബിൽ നം/വൗച്ചർ നം/ തിയ്യതി | ബിൽ നം 32/16.12.19<br>(പ്ലാൻ ഫണ്ട്) – ₹60000<br>വൗച്ചർ 1074/ 16.03.20<br>(തനത് ഫണ്ട്) – ₹62700<br>വൗച്ചർ 732/5.12.19<br>(തനത് ഫണ്ട്) – ₹1050<br>ആകെ ₹123750/- |

1.മേൽ പ്രോജക്ട് പ്രകാരം ഗ്ലോബൽ അസ്സോസിയേഷൻ, കണ്ണൂർ എന്ന സ്ഥാപനത്തിൽ നിന്ന് ഇൻവോയിസ്സ് നമ്പർ 96/27.03.19 പ്രകാരം 37 എണ്ണം ക്രോംപ്റ്റൻ ബ്രാന്റ് സിംഗിൾ ട്യൂബ് ലൈറ്റുകളും (40 W) 013/15.02.20 പ്രകാരം 38 എണ്ണം ക്രോംപ്റ്റൻ ബ്രാന്റ് സിംഗിൾ ട്യൂബ് ലൈറ്റുകളും(40 W) വാങ്ങിയിട്ടുണ്ട്. വാങ്ങിയ വിളക്കുകളുടെ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തി വിതരണം ചെയ്തതിന്റെ രേഖകളും കെ എസ് ഇ ബിയിൽ നിന്നുള്ള ഇൻസ്റ്റലേഷൻ സാക്ഷ്യപത്രവും പരിശോധനക്കായി ഹാജരാക്കുന്നതിനായി എൻക്വയറി (7/19-20) നൽകിയെങ്കിലും ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

2.സ ഉ (കൈ) നം22/2018/തസ്വഭവ/14.02.18 ഖ 7.9.1 പ്രകാരം തദ്ദേശഭരണസ്ഥാപനങ്ങൾ പദ്ധതിയുടെ ഭാഗമായിസോഡിയം വേപ്പർ ലാമ്പുകൾ , മെർക്കുറി വേപ്പർ ലാമ്പുകൾ, ഹൈവോൾട്ട് ഇൻകാൻഡിസന്റ് ലാമ്പുകൾ,എന്നിവ സ്ഥാപിക്കുന്നതിനോ മാറ്റി സ്ഥാപിക്കുന്നതിനോ പ്രൊജക്ടുകൾ ഏറ്റെടുക്കാൻ പാടില്ല. കൂടാതെ ഖ 7.9.2പ്രകാരം വില്പനാന്തര സേവന വ്യവസ്ഥകൾ

ഉറപ്പാക്കിയും വാങ്ങൽ നടപടികൾ പാലിച്ചു കൊണ്ടും എൽ ഇ ഡി ബൾബുകൾ വാങ്ങുന്നതിനായി മാത്രമാണ് പ്രോജക്ടുകൾ വെക്കാവൂ എന്ന് നിർദ്ദേശത്തിന് വിരുദ്ധമായി മേൽ പരാമർശിച്ച പ്രകാരം പ്രോജക്ടുകൾ തയ്യാറാക്കാനും നടപ്പിലാക്കാനുള്ള കാരണം വ്യക്തമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി (22/19-20) നൽകിയതിനും മറുപടി ഹാജരാക്കിയിട്ടില്ല.
വിശദമായ മറുപടി ലഭ്യമാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-18 എസ്. എസ് എ വിഹിതം നൽകൽ - അനുബന്ധ രേഖകൾ ഹാജരാക്കിയില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി , വളപട്ടണം ഗ്രാമപഞ്ചായത്ത് |
| പ്രോജ്കട് നമ്പർ പേര് | 3/20 എസ് എസ് എ വിഹിതം നൽകൽ |
| അടങ്കൽ | 1,00,000 (വികസന ഫണ്ട് (ജനറൽ)) |
| ചെലവ്/ബിൽ നം/തിയ്യതി | 1,00,000/21/04.10.2019 |

സ ഉ. 22/2018/തസ്വഭവ/14.02.2018 ഖ 7.6.3 പ്രകാരം എസ് എസ് എ യുടെ പ്രോജക്ടുകളുടെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിൽ തദ്ദേശഭരണസ്ഥാപനങ്ങൾ മുഖ്യ പങ്ക് വഹിക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതനുസരിച്ച് 2019-20 വർഷം എസ് എസ് എ യുടെ നേതൃത്വത്തിൽ വിദ്യാലയങ്ങളിൽ നടപ്പിലാക്കേണ്ട പ്രവർത്തനങ്ങൾ തീരുമാനിക്കുന്നതിൽ ഗ്രാമപഞ്ചായത്തിന്റെ പങ്കാളിത്തം ഉണ്ടായിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകളും തുക വിനിയോഗിച്ച് ഏതെല്ലാം രീതിയിലുള്ള പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുന്ന എസ് എസ് എ യിൽ നിന്നും ലഭിച്ചിട്ടുള്ള ഇനം തിരിച്ചുള്ള വിനിയോഗ സാക്ഷ്യപത്രം പദ്ധതിയുടെ പൂർത്തീകരണസാക്ഷ്യപത്രം മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഹാജരാക്കിയിട്ടില്ല. ഇവ ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-19 പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ-അധികം നൽകിയ ₹3086/- തിരികെ ഈടാക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജ്കട് നമ്പർ പേര് | 29/20പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ |
| അടങ്കൽ | ₹1,00,000(തനത് ഫണ്ട്) |
| ചെലവ്/വൗച്ചർ നം/തിയ്യതി | ₹80258/1173/31.03.20 |

പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ എന്ന പദ്ധതിയുടെ ഭാഗമായി കെൽട്രോണിൽ നിന്നും ലഭ്യമാക്കിയ പ്രഫോർമ ഇൻവോയിസ് പ്രകാരം 2 കമ്പ്യൂട്ടർ വാങ്ങുന്നതിലേക്കായി 80,258 രൂപ മേൽ പരാമർശിച്ച ബിൽ പ്രകാരം നൽകിയിട്ടുണ്ട്. ആയതു പ്രകാരം വിതരണം ചെയ്ത കമ്പ്യൂട്ടറുകളുമായി ബന്ധപ്പെട്ട കാഷ് ഇൻവോയിസ് TIMENET

SOLUTIONS PVT LTD, വെള്ളയമ്പലം തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ നിന്നുള്ള 77172/- രൂപയുടേതാണ്. (ഡെലിവറി നോട്ട് നം TVM/RC/665/14.12.20) . ലഭ്യമായ കമ്പ്യൂട്ടറുകൾ, തുക അനുവദിക്കുന്നതിന് മുമ്പായി കെൽട്രോൺ ഹാജരാക്കിയ പ്രൊഫോർമ ഇൻവോയിസ് നം TVM/ITBG/PI/RC/17779/19-20/19.03.20 ൽ രേഖപ്പെടുത്തിയ സ്പെസിഫിക്കേഷൻ പ്രകാരമുള്ളതാണെന്ന് ക്ഷമതയുള്ള ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തി സാക്ഷ്യപ്പെടുത്തിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്. ഡെലിവറി നോട്ടിൽ രേഖപ്പെടുത്തിയിട്ടുള്ളതിനെക്കാളും കൂടുതലായി നൽകിയ തുകയായ (80258- 77172) 3086/- തിരികെ ഈടാക്കേണ്ടതാണ്.

## 1-20 തുടർ വിദ്യാഭ്യാസം - കൈപ്പറ്റ് രശീത് ഹാജരാക്കിയില്ല-7500രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി , വളപട്ടണം ഗ്രാമപഞ്ചായത്ത് |
| പ്രോജ്കട് നമ്പർ പേര് | 21/20തുടർ വിദ്യാഭ്യാസ പരിപാടി |
| അടങ്കൽ | 25,000(തനത് ഫണ്ട്) |
| ചെലവ്/വൗച്ചർ നം/ തിയ്യതി | 1.) 17,500/1079/17.03.20<br>2.)7180/1080/17.03.20<br>3.)320/914/31.01.20 |

തുടർ വിദ്യാഭ്യാസ പരിപാടി യുടെ ഭാഗമായി മേൽ പട്ടികയിൽ പരാമർശിച്ച പ്രകാരം പത്താം തരം തുല്ല്യതാ പരീക്ഷ എഴുതുന്നതിനായി 10 പഠിതാക്കളുടെയും പന്ത്രണ്ടാം തരത്തിലെ 7 പഠിതാക്കളുടെയും ഫീസിനത്തിലേക്കായി കേരള സംസ്ഥാന സാക്ഷരതാ മിഷന് 25000രൂപ നൽകിയിട്ടുണ്ട്. ആയതിൽ 17,500രൂപയുടെ കൈപ്പറ്റ് രശീത് മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. 7180+320=7500 രൂപയുടെ സാക്ഷരതാ മിഷനിൽ നിന്നുള്ള കൈപ്പറ്റ് രശീത്, പഠിതാക്കൾ തുല്ല്യതാ പരീക്ഷക്ക് ഹാജരായതിന്റെ രേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ല. കോഴ്സ് ഫീ ഒടുക്കിയ മുഴുവൻ പഠിതാക്കളും ലക്ഷ്യം കൈവരിച്ചിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

7500രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-21 കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ - എ എം സി - കരാർ നടപടികൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി , വളപട്ടണം ഗ്രാമപഞ്ചായത്ത് |
| പ്രോജ്കട് നമ്പർ പേര് | 28/20 കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ എ എം സി |
| | |

| | |
|---|---|
| അടങ്കൽ | 1,00,000 (തനത് ഫണ്ട്) |
| ചെലവ്/വൗച്ചർ നം/ തിയ്യതി | 23145/53/30.04.19 |

കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളുടെ എ എം സി എന്ന പ്രൊജക്ട് പ്രകാരം R-TECH SOLUTIONS, എന്ന സ്ഥാപനത്തിന് 23145 രൂപ നൽകിയിട്ടുണ്ട് പദ്ധതി പ്രകാരം സ്ഥാപനവുമായി ഉണ്ടാക്കിയ കരാർ , എ എം സി യുടെ കാലയളവ് വ്യക്തമാക്കുന്ന രേഖകൾ, വാറന്റി എക്സ്റ്റൻഷൻ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (13/19-20) നൽകിയതിന് എ എം സി കാലയളവ് 2വർഷമാണെന്നും ഭാവിയിൽ ഇതുസംബന്ധിച്ച് കരാറിലേർപ്പെടുന്നതാണെന്നും വാറന്റി എക്സ്റ്റൻഷൻ സർട്ടിഫിക്കറ്റ് വാങ്ങി സൂക്ഷിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. ഭാവിയിൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കി പദ്ധതി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-22 ഐ കെ എം വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി , വളപട്ടണം ഗ്രാമപഞ്ചായത്ത് |
| പ്രോജ്കട് നമ്പർ പേര് | 4/20 ഐ കെ എം വിഹിതം നൽകൽ |
| അടങ്കൽ | ₹18,700 (വികസന ഫണ്ട്) |
| ചെലവ്/ബിൽ നം/തിയ്യതി | ₹18,700 /18/20.09.19 |

ഐ കെ എം ന് വിഹിതം നൽകൽ എന്ന പദ്ധതിയുടെ ഭാഗമായി പ്ലാൻ ഫണ്ടിന്റെ 0.25 ശതമാനം പ്രവർത്തനഫണ്ടായി ഐ കെ എം ന് നൽകണമെന്ന സർക്കാർ നിർദ്ദേശമനുസരിച്ച് 18,700 രൂപ മേൽ പരാമർശിച്ച ബിൽ പ്രകാരം നൽകിയിട്ടുണ്ട്. തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണം നമ്പർ 12/19-20 തീയതി 21.07.21 ന് നല്കിയ മറുപടിയോടൊപ്പം 2018-19 വരെയുള്ള സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ട് എന്നും തുടർന്നുള്ള വർഷങ്ങളിലേത് തയ്യാറാകുന്ന മുറക്ക് ഹാജരാക്കുന്നതാണെന്നുമുള്ള ഐ കെ എം ന്റെ കത്തിന്റെ പകർപ്പ് ഹാജരാക്കിയിട്ടുണ്ട്. രേഖകൾ ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-23 കുടിവെള്ള പൈപ്പ് ലൈൻ വലിക്കൽ - പൂർത്തീകരണ രേഖകൾ ഹാജരാക്കിയിട്ടില്ല. ചെലവ് തുകയായ ₹1,81,000 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി , വളപട്ടണം ഗ്രാമപഞ്ചായത്ത് |
| പ്രോജ്കട് നമ്പർ പേര് | 133/20കുടിവെള്ള കണക്ഷന് പൈപ്പ് ലൈൻ വലിക്കൽ |
| അടങ്കൽ | 1,81,000(തനത് ഫണ്ട്) |
| | |

| | |
|---|---|
| ചെലവ്/വൗച്ചർ നം/ തിയ്യതി | 1,81,000/977/15.02.20 |

ഗ്രാമ പഞ്ചായത്ത് പരിധിയിൽ കുടിവെള്ള കണക്ഷൻ പൈപ്പ് ലൈൻ വലിക്കൽ എന്ന പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കേരള ജല അതോറിറ്റിക്ക് ₹ 1,81,000 നൽകിയിട്ടുണ്ട്. തുക കൈമാറുന്നതിന് മുമ്പായി കേരള വാട്ടർ അതോറിറ്റി ഹാജരാക്കിയ ഇനം തിരിച്ചുള്ള വിശദമായ എസ്റ്റിമേറ്റ് കേരള വാട്ടർ അതോറിറ്റിയുമായി ഉണ്ടാക്കിയ കരാർ, കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിച്ച കൈപ്പറ്റ് രശീത് , പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം, മോണിറ്ററിംഗ് റിപ്പോർട്ട്, എന്നിവ ഹാജരാക്കുന്നതിന് ഓഡിറ്റ് എൻക്വയറി(10/21.07.21) നൽകിയതിനെ തുടർന്ന് കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ലഭ്യമാക്കിയ വിനിയോഗ സാക്ഷ്യപത്രത്തിൽ (നമ്പർ, തിയ്യതി രേഖപ്പെടുത്തിയിട്ടില്ല) ഇതേവരെ 16455 രൂപ മാത്രമാണ് വിനിയോഗിച്ചിട്ടുള്ളതെന്നും 164545 രൂപ നീക്കിയിരിപ്പായി ഉണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. മറ്റ് രേഖകൾ ഹാജരാക്കിയിട്ടില്ല.

പ്രവൃത്തിയുമായി ബന്ധപ്പെട്ട രേഖകളുടെ അഭാവത്തിലും പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കാത്തതിനാലും ചെലവ് തുകയായ 1,81,000 രൂപ തടസ്സപ്പെടുത്തുന്നു. 15.02.20 ന് അതോറിറ്റിക്ക് തുക നൽകുമ്പോൾ എത്ര കാലയളവിനുള്ളിൽ എത്ര പ്രവൃത്തി പൂർത്തികരിക്കുമെന്ന് വ്യവസ്ഥ ചെയ്തതിന്റെ കരാർ പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. കരാറടിസ്ഥാനത്തിലല്ല തുക കൈമാറിയതെങ്കിൽ ആയതിന് വിശദീകരണം ഹാജരാക്കേണ്ടതും അടിയന്തിര പ്രാധാന്യമുള്ള കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട പ്രവൃത്തി എത്രയും പെട്ടെന്ന് പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

മേൽക്കാരണങ്ങളാൽ 181000രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു. ഖണ്ഡികയിൽ പരാമർശിച്ച നിർദ്ദേശങ്ങൾ പാലിച്ചതിന്റെ വ്യക്തമായ രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-24 തെരുവ് വിളക്കിന് ലൈൻ വലിക്കൽ - കരാറിലേർപ്പെടാതെ തുക നൽകി - പ്രവൃത്തി പൂർത്തീകരിച്ചില്ല. ₹ 216480 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജ്കട് നമ്പർ പേര് | 141/20തെരുവ് വിളക്കിനായി ഇലക്ട്രിക്ക് ലൈൻ വലിക്കൽ |
| അടങ്കൽ | 2,16,480 (തനത് ഫണ്ട്)<br>99,100 (വികസന ഫണ്ട് (ജനറൽ) |
| ചെലവ്/വൗച്ചർ നം/ തിയ്യതി | 47460/958/6.2.20<br>169020/1143/20.03.20<br>ആകെ 216480രൂപ |

ഗ്രാമ പഞ്ചായത്ത് പരിധിയിൽ തെരുവ് വിളക്കിനായി ഇലക്ട്രിക്ക് ലൈൻ വലിക്കൽ എന്ന പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി KSEBയിൽ നിന്ന് ലഭ്യമാക്കിയ എസ്റ്റിമേറ്റുകൾ പ്രകാരം ₹ 216480 കെ എസ് ഇ ബി വളപട്ടണം സെക്ഷന് നൽകിയിട്ടുണ്ട്. തുക കൈമാറുന്നതിന് മുമ്പായി KSEB യുമായി ഉണ്ടാക്കിയ കരാർ, കൈപ്പറ്റ് രശീത്, പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം, മോണിറ്ററിംഗ് റിപ്പോർട്ട്, എന്നിവ ഹാജരാക്കുന്നതിനും ഏതെല്ലാം വാർഡുകളിലാണ് പദ്ധതി പ്രകാരം പ്രവൃത്തി നടപ്പിലാക്കിയതെന്ന് വ്യക്തമാക്കുന്ന രേഖകളും പ്രവൃത്തി പൂർത്തികരിച്ച ശേഷം തെരുവ് വിളക്കുകൾ സ്ഥാപിച്ചതിന്റെ രേഖകളും ഹാജരാക്കുന്നതിനുമായി ഓഡിറ്റ എൻക്വയറി (8/19-20/21.07.21 ) നൽകിയതിന് ഭാവിയിൽ പ്രൊജക്ടുകൾ നടപ്പിലാക്കുമ്പോൾ കരാർ നടപടികൾ സ്വീകരിക്കുന്നതാണെന്നും പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കുന്നതാണെന്നുമാണ് മറുപടി നൽകിയത്. തുടർന്ന് കെ എസ് ഇ ബിയിൽ നിന്ന് ലഭ്യമാക്കിയ വിനിയോഗസാക്ഷ്യ പത്രത്തിൽ തുക പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ടെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സാക്ഷ്യപത്രത്തിൽ പ്രവൃത്തി പൂർത്തികരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കിയിട്ടില്ല. പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ കെ എസ് ബി യിൽ നിന്നും തുക ക്രമീകരിച്ചതുമായി ബന്ധപ്പെട്ട അന്തിമ ബില്ലിന്റെ പകർപ്പ് ഹാജരാക്കേണ്ടതാണ്. പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനും പൂർത്തീകരിക്കുന്നതിനും പ്രവൃത്തി ഏല്പിക്കുന്ന ഏജൻസികളുമായി കരാറിലേർപ്പെടേണ്ടതാണ്. അല്ലാത്ത പക്ഷം പ്രവൃത്തി അനിശ്ചിതമായും അപൂർണ്ണമായും കിടക്കുന്നതിനുള്ള സാധ്യത നിലനിൽക്കുന്നു .

മേൽക്കാരണങ്ങളാൽ 216480രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു. പ്രവൃത്തി പൂർത്തീകരിച്ച് അഡ്വാൻസ് തുക ക്രമീകരിച്ചതിന്റെ രേഖകളും പ്രവൃത്തി പൂർത്തീകരിച്ചതിന്റെ സാക്ഷ്യപത്രവും ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-25 സ്ട്രീറ്റ് ലൈറ്റ് എ എം സി-അപാകങ്ങൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ പേര് | തെരുവ് വിളക്ക് റിപ്പയർ എ എം സി |
| അടങ്കൽ | 2,75,000(തനത് ഫണ്ട്) |
| ചെലവ്/വൗച്ചർ നം/തിയ്യതി | ₹ 123136/364/21.08 .20 |

തെരുവ് വിളക്ക് റിപ്പയർ എ എം സി എന്ന പ്രോജക്ട് പ്രകാരം ശ്രീ പ്രകാശൻ അരിച്ചേരി , സായ് പ്രകാശ് ഇലക്ട്രിക്കൽസിന് 123136 രൂപ ആദ്യഗഡുവായി നൽകിയിട്ടുണ്ട്.

1.തെരുവ് വിളക്ക് വാർഷിക അറ്റകുറ്റപ്പണിയും സംരക്ഷണവുമായി ബന്ധപ്പെട്ട സർക്കുലർ നം 3055/ഉ അ 3/2011/തസ്വഭവ /18.09.11 പ്രകാരമുള്ള മാർഗ്ഗരേഖ ഖ -2.(ബി) പ്രകാരം തെരുവ് വിളക്കുകളുടെയും അനുബന്ധിത വസ്തുക്കളുടെയും വിശദാംശങ്ങൾ തദ്ദേശ ഭരണ സ്ഥാപനത്തിലെയും കെ എസ് ഇ ബിയിലെയും അധികാരികൾ സംയുക്ത പരിശോധനനടത്തേണ്ടതും ഇവ സംബന്ധിച്ച് ടെൻഡർ രേഖകളിൽ പരാമർശിക്കേണ്ടതുമാണ്. സംയുക്ത പരിശോധനാ റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

2) മാർഗ്ഗരേഖയിലെ ഖണ്ഡിക (2 ഇ) പ്രകാരം കരാർ ലഭിക്കുന്നയാൾ കരാർതുകയുടെ 10% സെക്യൂരിറ്റി ഡപ്പോസിറ്റ് നൽകേണ്ടതാണ്. കരാറുകാരന്റെ അപാകതകൾ കാരണം തദ്ദേശ സ്ഥാപനത്തിനുണ്ടാകുന്ന പിഴകൾ, ക്ലെയിമുകൾ, നഷ്ടങ്ങൾ തുടങ്ങിയവക്കുള്ള തുകകൾ സെക്യൂരിറ്റി ഡപ്പോസിറ്റിൽ നിന്നും ഈടാക്കാവുന്നതാണ്. എന്നാൽ കരാർ തുകയായ 2,75,000 രൂപയുടെ 10% സെക്യൂരിറ്റി ഡപ്പോസിറ്റ് ഈടാക്കുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് കരാറുകാരനിൽ നിന്ന് ഇ എം ഡി ആയി 6875 /- രൂപ ഈടാക്കിയതിന്റെ രേഖകളാണ് ഹാജരാക്കിയത്. ഭാവിയിൽ സെക്യൂരിറ്റി ഡപ്പോസിറ്റ് ഈടാക്കാതെ പ്രവൃത്തി നടപ്പിലാക്കുന്നത് ഒഴിവാക്കേണ്ടതാണ്.

3) തെരുവ് വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട പരാതികൾ രജിസ്റ്റർ ചെയ്യുന്നതിനായി പരാതികളുടെ സമയം , തിയ്യതി, പരാതിക്കാരന്റെ പേര് , വിവരണം എന്നിവ യഥാസമം ഉൾപ്പെടുത്തി കാലികമാക്കേണ്ടതാണ്.

## 1-26 കുടിവെള്ള വിതരണം – അപാകങ്ങൾ – അധികം നൽകിയ 5850 തിരികെ ഈടാക്കേണ്ടതാണ്,19500രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു.

കുടിവെള്ള ക്ഷാമം നേരിടുന്ന ഗ്രാമപഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ 07.04.19 മുതൽ 16.06.19 വരെയുള്ള തിയ്യതികളിൽ വെള്ളം വിതരണം ചെയ്യുന്നതിനായി വൗച്ചർ നം 650/12.11.19 പ്രകാരം വാഹന ഉടമക്ക് 684138 രൂപയും 13962 രൂപ ഇൻകം ടാക്സ് ഇനത്തിലുമായി ആകെ 698100 രൂപ ചെലവഴിച്ചിട്ടുണ്ട്.

1)27.03.2019 തിയ്യതിയിലെ DCKNR/2486/2019/DCKNR ഉത്തരവു പ്രകാരം ടാങ്കർലോറിയിൽ കുടിവെള്ള വിതരണത്തിനായി കിലോമീറ്ററിന് 75/- രൂപ അംഗീകരിച്ചതുപ്രകാരം ഏപ്രിൽ 2019ന് (തിയ്യതി ഇല്ല) രാജീവൻ പി യുമായി കരാറിലേർപ്പെട്ടിട്ടുണ്ട്. ലോറി ഡ്രൈവർ ഹാജരാക്കിയ ട്രിപ്പ് ഷീറ്റ് പ്രകാരം 26 കിലോമീറ്റർ വീതം 5 ട്രിപ്പുകൾ 71 ദിവസം വണ്ടി ഓടിയിട്ടുണ്ട്. ആയതു പ്രകാരം ആകെ 9230 (26x5 X71 =9230) കിലോമീറ്ററാണ് വണ്ടി ഓടിയിട്ടുള്ളത് എന്നതിനാൽ 9230x75=692250 രൂപയ്ക്കാണ് അർഹതയുള്ളത്. എന്നാൽ വണ്ടി ഡ്രൈവർക്ക് വൗച്ചർ പ്രകാരം 698100 രൂപ (698100/75=9300) അനുവദിക്കാനുണ്ടായ കാരണം വ്യക്തമാക്കാൻ ഓഡിറ്റ് എൻക്വയറി നം 6/19-20/21.07.21 നൽകിയെങ്കിലും മറുപടി നൽകിയിട്ടില്ല. അധികം നൽകിയ 5850/- രൂപ തിരികെ ഈടാക്കേണ്ടതാണ്.

2) കേരള വാട്ടർ അതോറിറ്റിയിൽ നിന്നും വാങ്ങുന്ന കുടിവെള്ളമാണ് വിതരണത്തിനായി ഉപയോഗിച്ചിരുന്നത് . കേരള വാട്ടർ അതോറിറ്റിയിൽ നിന്നുള്ള പത്രിക പ്രകാരം വിതരണം ചെയ്ത വെള്ളവും ഡ്രൈവർ വിതരണം ചെയ്ത വെള്ളവും തമ്മിൽ താഴെ പട്ടികയിൽ കൊടുത്തിരിക്കുന്ന പ്രകാരം ചില വൈരുദ്ധ്യങ്ങൾ കാണുന്നുണ്ട് ആയതിന്റെ കാരണം വ്യക്തമാക്കപ്പെട്ടിട്ടില്ല.

| തിയ്യതി | വാട്ടർ അതോറിറ്റിയിൽ നിന്നും വിതരണം ചെയ്ത വെള്ളത്തിന്റെ അളവ് (ലിറ്റർ) | ഡ്രൈവർ വിതരണം ചെയ്ത വെള്ളത്തിന്റെ അളവ് (ലിറ്റർ) | വ്യത്യാസം (ലിറ്റർ) |
|---|---|---|---|
| 07.04.19 | 10000 | 25000 | 15000 |
| 07.05.19 | 10000 | 25000 | 15000 |
| 24.05.19 | 15000 | 25000 | 10000 |
| 14.06.19 | 15000 | 25000 | 10000 |
| | | | |

| | | | |
|---|---|---|---|
| | | ആകെ | 50000 ലിറ്റർ (10 ട്രിപ്പ് - 5000/ ട്രിപ്പ്) |

കൂടുതലായി വിതരണം ചെയ്ത വെള്ളത്തിന്റെ സ്രോതസ്സ്,വെള്ളത്തിന്റെ പരിശോധനാ റിപ്പോർട്ട് തുടങ്ങിയവയുടെ വിവരങ്ങൾ ലഭ്യമാക്കാത്തതിനാൽ 50000ലിറ്റർ വെള്ളം വിതരണം ചെയ്ത വകയിൽ ചെലവഴിച്ച 26*10*75=19500രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസം ഒഴിവാക്കേണ്ടതാണ്.

## 1-27 കെ എസ് ഇ ബി ക്ക് കുടിശ്ശിക നൽകിയത് -കൃത്യത ഉറപ്പുവരുത്തിയിട്ടില്ല-5926 രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു

വൗച്ചർ നം 911/29.01.20 പ്രകാരം 5926 രൂപ (കുടിശ്ശിക- ₹2911, പലിശ ₹2808, കളക്ഷൻ ചാർജ്ജ്- ₹57, നോട്ടീസ് ചാർജ്ജ് ₹150) കെ എസ് ഇ ബിക്ക് നൽകിയിട്ടുണ്ട്. കുടിശ്ശിക തുകയുടെ വിശദാംശങ്ങൾ (കുടിശ്ശികയായ വർഷം, കുടിശ്ശിക വരാനുണ്ടായ കാരണം തുടങ്ങിയവ) ഹാജരാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (നം 6(5)/21.07.21) നൽകിയെങ്കിലും മറുപടി നൽകുകയുണ്ടായില്ല. കുടിശ്ശികയായി നൽകിയ തുകയുടെ ആധികാരികത ഉറപ്പുവരുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. രേഖകൾ ഹാജരാക്കാത്തതിനാൽ 5926രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു.

## 1-28 രജിസ്റ്റർ സൂക്ഷിപ്പിലെ അപാകങ്ങൾ

ഗ്രാമപഞ്ചായത്തിൽ രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല. പലവക വരവു രജിസ്റ്ററുകൾ വിശദാംശങ്ങൾ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. സ്റ്റോക്ക് രജിസ്റ്ററുകൾ നിശ്ചിത മാതൃകയിൽ എഴുതി തയ്യാറാക്കുന്നില്ല. സാധനങ്ങൾ വാങ്ങുന്ന ക്രമത്തിൽ രേഖപ്പെടുത്തിപ്പോവുക മാത്രമാണ് ചെയ്യുന്നത്.

ഏതൊരു ദിവസവും ഭൗതിക പരിശോധന നടത്തി കണക്കുകളുടെ കൃത്യത ഉറപ്പു വരുത്താൻ കഴിയുന്ന രീതിയിൽ ഓരോ ഇനത്തിനും ഓരോ പേജ് നല്കി സ്റ്റോക്ക് രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതും സെക്രട്ടറി പിരിയോഡിക്കൽ വെരിഫിക്കേഷൻ നടത്തി കണക്കുകൾ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. അതുപോലെ ഉപയോഗ ശൂന്യമായതും സ്ക്രാപ്പ് വാല്യൂ ഉള്ളതുമായ സാധനങ്ങളുടെയും കൃത്യമായ സർവ്വേ റിപ്പോർട്ടുകൾ തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. അറ്റകുറ്റപ്പണികൾ നടത്തി ഉപയോഗിക്കാൻ കഴിയുന്നവ ഉണ്ടോ എന്ന കാര്യവും പരിശോധനാ വിധേയമാക്കേണ്ടതുണ്ട്.

പ്രിന്ററുകളുടെയും ഫോട്ടോകോപ്പിയർ മെഷീനിന്റെയും ലോഗ് ബുക്ക് തയ്യാറാക്കേണ്ടതും നിശ്ചിത എണ്ണം കോപ്പികൾ ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

മണൽ വരവുമായി ബന്ധപ്പെട്ട രജിസ്റ്റർ ഓഡിറ്റിൽ നിർദ്ദേശിച്ചതിനെ തുടർന്ന് തയ്യാറാക്കിയിട്ടുണ്ടെങ്കിലും ആയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

രജിസ്റ്ററുകൾ നിശ്ചിത മാതൃകകളിൽ സൂക്ഷിക്കേണ്ടതും നിശ്ചിത ഇടവേളകളിൽ മേൽനോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

## 1-28-1 ആസ്തി രജിസ്റ്റർ കാലികമാക്കാത്തതും മറ്റ് അപാകങ്ങളും

ആസ്തിരജിസ്റ്റർ

ആസ്തി രജിസ്റ്റർ – 2017-18 സാമ്പത്തിക വർഷം വരെ മാത്രമാണ് കാലികമാക്കിയിട്ടുള്ളത് എന്നാണ് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചത്. രജിസ്റ്റർ കാലികമാക്കുന്നതിനും സചിത്ര സോഫ്റ്റ്‌വെയറിൽ യഥാസമയം രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

റോഡ് രജിസ്റ്റർ , മെയ്ന്റനൻസ് പ്ലാൻ

റോഡ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. മെയ്ന്റനൻസ് പ്ലാൻ തയ്യാറാക്കിയിട്ടില്ല. റോഡുകളുടെയും നടപ്പാതകളുടെയും വിവരങ്ങൾ – വിവിധ കാലഘട്ടങ്ങളിലെ അറ്റകുറ്റപ്പണികൾ ഉൾപ്പെടെ- ചേർത്തുകൊണ്ടുള്ള റോഡ് രജിസ്റ്റർ തയ്യാറാക്കേണ്ടതാണ്.

റീച്ച് രേഖപ്പെടുത്തുന്നില്ല

ഗ്രാമപഞ്ചായത്തിലെ റോഡുകളുടെയും ഫുട്പാത്തുകളുടെയും റീച്ചുകൾ കൃത്യമായി രേഖപ്പെടുത്തപ്പെട്ടിട്ടില്ല. നിർമ്മാണ പ്രവൃത്തികളുമായി ബന്ധപ്പെട്ട ഫയലുകളിലെ രേഖപ്പെടുത്തലുകൾ തികച്ചും അശാസ്ത്രീയമാണ്. ഏതെങ്കിലും ഒരാളുടെ വീടുമുതൽ മറ്റൊരു വീടുവരെ എന്നോ ഒരു റോഡിന്റെ ബാക്കി ഭാഗം പ്രവൃത്തി എന്നിങ്ങനെയോ ആയാണ് എസ്റ്റിമേറ്റിൽ രേഖപ്പെടുത്തൽ വരുത്തുന്നത്. റോഡ് മാപ്പ് തയ്യാറാക്കി, എസ്റ്റിമേറ്റുകളിൽ കൃത്യമായ റീച്ചുകൾ രേഖപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-29 കമ്മ്യൂണിറ്റി ടോയ്‌ലറ്റ് നിർമ്മാണം-കണക്കു കൂട്ടിയതിൽ പിഴവു വന്നത്-1125.79 രൂപ തിരിച്ചു പിടിക്കേണ്ടതാണ്

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്റ്റ് നമ്പർ – 118/20

അടങ്കൽ – ₹400000 (₹40000-വികസനഫണ്ട്,₹3,60,000-ശുചിത്വമിഷൻഫണ്ട്)

ചെലവ്

₹333575 (₹40000-വികസന ഫണ്ട്,ബിൽ നമ്പർ 23/29.02.20 ₹2,93,575 -ശുചിത്വമിഷൻ ഫണ്ട് ചെക്ക് നമ്പർ10122/06.03.2020)

എംബുക്ക് നമ്പർ 51/18-19

കരാറുകാരൻ – ശ്രീ പ്രഭാകരൻ കെ – എസ്റ്റിമേറ്റ് നിരക്ക്

1. പ്രോജക്റ്റിൽ ആസ്തിയുടെ യുണീക് നമ്പർ രേഖപ്പെടുത്തിയിട്ടില്ല.

2.ഇനം നമ്പർ 9 ,എം ബുക്ക് നമ്പർ 51/18-19 പേജ് 31,32,33 – 12 എം എം സിമന്റ് പ്ലാസ്റ്റർ – കണക്കു കൂട്ടിയതിൽ പിഴവു വന്നത്(41.65+16.71+16.71+16.71+2.62+2.67+2.64-4.5-0.153+0.96+2.86+1.45+0.13)100.457 ചതുരശ്ര മീറ്റർ എന്ന് രേഖപ്പെടുത്തുന്നതിന് പകരം 104.96 ചതുരശ്ര മീറ്റർ എന്ന് രേഖപ്പെടുത്തിയതിനാൽ 4.503ച.മീ അളവിനുള്ള തുക കൂടുതലായി നല്കാനിടയായിട്ടുണ്ട്. 4.503*250.01=1125.79 രൂപ അധികമായി നല്കിയത് തിരിച്ചു പിടിക്കേണ്ടതാണ്. (ഇതു സംബന്ധിച്ചു നല്കിയ ഓഡിറ്റ് അന്വേഷണം നമ്പർ 17/19-20 തീയതി21.07.21 ന് മറുപടിയായി തുക തിരിച്ചടക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.)

## 1-30 പാലിയേറ്റീവ് പരിചരണം:- ഗുണഭോക്തൃലിസ്റ്റ് വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

പ്രോജക്ടിന്റെ പേര്- പാലിയേറ്റീവ് പരിചരണം

പ്രോജക്ട് നമ്പർ- S0030/20-21
അടങ്കൽ

വികസനഫണ്ട്-₹240000

ജില്ലാപഞ്ചായത്ത്- ₹50000

ബ്ലോക്ക് പഞ്ചായത്ത്- ₹200000

ആകെ അടങ്കൽ - ₹490000

ആകെ ചെലവ്-₹393668

9.10.15ലെ സഉ(സാധാ) നമ്പർ 3217/2015/തസ്വഭവ ഉത്തരവിലെ 2-5(6)പ്രകാരം നോമിനൽ രജിസ്റ്ററിൽ ഉൾപ്പെട്ടിരിക്കുന്ന രോഗികളുടെ പേര് വിവരം തദ്ദേശഭരണ സ്ഥാപനത്തിന്റെ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണെന്നും തുടർന്ന് രജിസ്റ്ററിൽ കാലാകാലങ്ങളിൽ വരുത്തുന്ന കൂട്ടിചേർക്കലുകളും ഒഴിവാക്കലുകളും അതാത് സമയത്ത് വെബ്ബ് സൈറ്റിലുള്ള ലിസ്റ്റുകളിലും വരുത്തേണ്ടതാണെന്നും വെബ്ബ് സൈറ്റിൽ ലിസ്റ്റ് പ്രസിദ്ധീകരിക്കാതെ പാലിയേറ്റീവ് കെയർ പ്രോജക്ടിൽനിന്നും തുക ചെലവഴിക്കാൻ പാടില്ലായെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ വളപട്ടണം ഗ്രാമപഞ്ചായത്തിലെ പാലിയേറ്റീവ് നോമിനൽ രജിസ്റ്ററിൽ ഉൾപ്പെട്ട രോഗികളുടെ പേര് വിവരം തദ്ദേശഭരണ സ്ഥാപനത്തിന്റെ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിക്കാതെയാണ് ചെലവ് നടത്തിയിട്ടുള്ളത്.
അപാകങ്ങൾ പരിഹരിക്കേണ്ടതിലേക്കായി ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-31 ടർമിനൽ സറണ്ടർ അനുവദിച്ചതിലെ അപാകം- പരിഹരിക്കേണ്ടതാണ്.

8.02.2019 ന് സർവ്വീസിൽ നിന്നും വിരമിച്ച ശ്രീമതി ജയശ്രീ പി, ക്ലാർക്കിന് 187 ദിവസത്തെ ടർമിനൽ സറണ്ടർ അനുവദിക്കുമ്പോൾ ജീവനക്കാരിയുടെ അടിസ്ഥാനശമ്പളമായി കണക്കിലെടുത്തിരിക്കുന്നത് 34800 രൂപയാണ്. എന്നാൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് അനുവദിച്ച ലാസ്റ്റ് പേ സർട്ടിഫിക്കറ്റ് പ്രകാരം (കെ എസ് എ/കെ എൻ ആർ /ബി 1/251/19/08.01.19) 01.02.19 മുതൽ അടിസ്ഥാന ശമ്പളം 35700/- രൂപയാണ്. ടർമിനൽ സറണ്ടർ അനുവദിക്കുമ്പോൾ അടിസ്ഥാന ശമ്പളം 35700/- എന്ന് കണക്കിലെടുക്കുന്നതിന് പകരം 34800 രൂപയായി പരിഗണിച്ചതു കാരണം ജീവനക്കാരിക്ക് അർഹതപ്പെട്ട ആനുകൂല്യം അനുവദിക്കുന്നതിൽ കുറവ് വന്നിട്ടുണ്ട് ആയതു പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-32 വാട്ടർ ടാങ്ക് വിതരണം (പട്ടികജാതി)- സബ്സിഡി മാർഗ്ഗരേഖ പാലിക്കാത്തത്- 6251 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു - 18746/- രൂപയുടെ ചെലവ് തടസത്തിൽവെക്കുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്ടിന്റെ പേര് - വാട്ടർ ടാങ്ക് വിതരണം (പട്ടികജാതി)

പ്രോജക്ട് നമ്പർ - S0037/19-20,128/21

വികസനഫണ്ട്(എസ്.സി.പി)- 32000രൂപ

ബിൽ നം./തീയ്യതി/തുക – 2/19-20/ 27-3-20 /₹ 22497
ചെക്ക് നമ്പർ 16242/31.03.21 ₹2500 (2020-21 ൽ നല്കിയത്)
ആകെ ₹ 24997

1.ഗുണഭോക്തൃവിഹിതം ഉൾപ്പെടുത്തിയിട്ടില്ല.

പതിമൂന്നാം പദ്ധതിക്ക് ബാധകമായ സബ്സിഡി മാർഗ്ഗനിർദ്ദേശങ്ങൾ (14-12-2018 ലെ സ.ഉ(കൈ)നം 22/2018തസ്വഭവ , 6.6 ക്രമനമ്പർ 6) പ്രകാരം വാട്ടർടാങ്കിന് നല്കാവുന്ന സബ്സിഡി നിരക്ക് 75%(പരമാവധി 3000രൂപ)യാണ്. ഗുണഭോക്തൃവിഹിതം സ്ഥാപനത്തിൽ ഒടുക്കണം എന്നും മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പ്രോജക്റ്റിൽ ഗുണഭോക്തൃ വിഹിതം ഉൾപ്പെടുത്തിയിട്ടില്ല.

2.പ്രോജക്റ്റിൽ ഉൾപ്പെടുത്താതെ 2020-21-ൽ ബാക്കി തുക നൽകി (₹ 3571)

7 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനായി ഏറ്റവും കുറഞ്ഞ നിരക്ക് (₹ 3571) ക്വാട്ട് ചെയ്ത അനു ഏജൻസി എന്ന സ്ഥാപനത്തിൽ നിന്നും വാട്ടർടാങ്കുകൾ വാങ്ങുകയും എസ് സി പി ഫണ്ടിൽ ലഭ്യമായ 22497 രൂപ 2019-20 സാമ്പത്തിക വർഷം ഏജൻസിക്ക് നല്കുകയും ചെയ്തു. ബാക്കി തുക( 2500രൂപ) തനതു ഫണ്ടിൽ നിന്നും നല്കുന്നതാണെന്നും ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക നല്കിയിട്ടുണ്ടോ എന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. സുലേഖ ചെലവു പത്രികയിൽ മറ്റു ചെലവുകൾ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.
2020-21 ൽ 2500രൂപയും അനു ഏജൻസിക്ക് അനുവദിച്ചിട്ടുണ്ട്. വിലയുടെ 75% ആയ 2678 രൂപയാണ് (3571-ന്റെ 75%) അനുവദനീയമായ സബ്സിഡി എന്നിരിക്കെ മുഴുവൻ തുകയും സബ്സിഡിയായി അനുവദിച്ചു.

3.കൈപ്പറ്റ് രശീതി ഹാജരാക്കിയിട്ടില്ല.

7 വാട്ടർ ടാങ്ക് വിതരണം ചെയ്തതിൽ 6 പേരുടെ കൈപ്പറ്റ് രശീത് മാത്രമേ ഫയലിൽ ലഭ്യമായിട്ടുള്ളു. ശ്രീമതി സി എച്ച് ഉഷ എന്ന ഗുണഭോക്താവിന്റെ കൈപ്പറ്റ് രശീതി പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. പരിശോധനക്കായി ഹാജരാക്കിയ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത ശ്രീ വിവേക്.കെ എന്നവർക്ക് ആനുകൂല്യം അനുവദിച്ചിട്ടുണ്ട്.
സ്പിൽ ഓവർ പദ്ധതിയിൽ 9503രൂപ എസ് സി പി ഫണ്ടാണ് വകയിരുത്തിയതെങ്കിലും 2500 രൂപ തനത് ഫണ്ട് നല്കിയതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല. സുലേഖ ചെലവു പത്രികയിൽ സ്പിൽ ഓവർ പദ്ധതിയിൽ ചെലവില്ല എന്നാണ് രേഖപ്പെടുത്തിയത്. മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ 5/2019-20 (22-7-21) ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.
സബ്സിഡി മാർഗ്ഗരേഖ പാലിക്കാത്തതിനാൽ 6251 രൂപ{ (3571-2678)*7= 893*7=6251}ഓഡിറ്റിൽ നിരാകരിക്കുന്നു.പദ്ധതിയുമായി ബന്ധപ്പെട്ട മറ്റ് അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കാത്തതിനാൽ നിരാകരിച്ച തുക കഴിച്ചുള്ള ചെലവായ 18746 രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു. രേഖകൾ ഹാജരാക്കി തടസം ഒഴിവാക്കേണ്ടതും അധികം നല്കിയ തുക തിരിച്ചടക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

### 3-1 പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ-അധികം നൽകിയ ₹3086/- തിരികെ ഈടാക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജ്കട് നമ്പർ പേര് | 29/20പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ |
| അടങ്കൽ | ₹1,00,000(തനത് ഫണ്ട്) |
| ചെലവ്/വൗച്ചർ നം/ തിയ്യതി | ₹80258/1173/31.03.20 |

പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ എന്ന പദ്ധതിയുടെ ഭാഗമായി കെൽട്രോണിൽ നിന്നും ലഭ്യമാക്കിയ പ്രഫോർമ ഇൻവോയിസ് പ്രകാരം 2 കമ്പ്യൂട്ടർ വാങ്ങുന്നതിലേക്കായി 80,258 രൂപ മേൽ പരാമർശിച്ച ബിൽ പ്രകാരം നൽകിയിട്ടുണ്ട്. ആയതു പ്രകാരം വിതരണം ചെയ്ത കമ്പ്യൂട്ടറുകളുമായി ബന്ധപ്പെട്ട കാഷ് ഇൻവോയിസ് TIMENET SOLUTIONS PVT LTD, വെള്ളയമ്പലം തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ നിന്നുള്ള 77172/- രൂപയുടേതാണ്. (ഡെലിവറി നോട്ട് നം TVM/RC/665/14.12.20) . ലഭ്യമായ കമ്പ്യൂട്ടറുകൾ, തുക അനുവദിക്കുന്നതിന് മുമ്പായി കെൽട്രോൺ ഹാജരാക്കിയ പ്രൊഫോർമ ഇൻവോയിസ് നം TVM/ITBG/PI/RC/17779/19-20/19.03.20 ൽ രേഖപ്പെടുത്തിയ സ്പെസിഫിക്കേഷൻ പ്രകാരമുള്ളതാണെന്ന് ക്ഷമതയുള്ള ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തി സാക്ഷ്യപ്പെടുത്തിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്. ഡെലിവറി നോട്ടിൽ രേഖപ്പെടുത്തിയിട്ടുള്ളതിനെക്കാളും കൂടുതലായി നൽകിയ തുകയായ( 80258- 77172) 3086/- തിരികെ ഈടാക്കേണ്ടതാണ്.

### 3-2 കുടിവെള്ള വിതരണം – അപാകങ്ങൾ – അധികം നൽകിയ 5850 തിരികെ ഈടാക്കേണ്ടതാണ്

കുടിവെള്ള ക്ഷാമം നേരിടുന്ന ഗ്രാമപഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ 07.04.19 മുതൽ 16.06.19 വരെയുള്ള തിയ്യതികളിൽ വെള്ളം വിതരണം ചെയ്യുന്നതിനായി വൗച്ചർ നം 650/12.11.19 പ്രകാരം വാഹന ഉടമക്ക് 684138 രൂപയും 13962 രൂപ ഇൻകം ടാക്സ് ഇനത്തിലുമായി ആകെ 698100 രൂപ ചെലവഴിച്ചിട്ടുണ്ട്.

1)27.03.2019 തിയ്യതിയിലെ DCKNR/2486/2019/DCKNR ഉത്തരവു പ്രകാരം ടാങ്കർലോറിയിൽ കുടിവെള്ള വിതരണത്തിനായി കിലോമീറ്ററിന് 75/- രൂപ അംഗീകരിച്ചതുപ്രകാരം ഏപ്രിൽ 2019ന് (തിയ്യതി ഇല്ല) രാജീവൻ പി യുമായി കരാറിലേർപ്പെട്ടിട്ടുണ്ട്. ലോറി ഡ്രൈവർ ഹാജരാക്കിയ ട്രിപ്പ് ഷീറ്റ് പ്രകാരം 26 കിലോമീറ്റർ വീതം 5 ട്രിപ്പുകൾ 71 ദിവസം വണ്ടി ഓടിയിട്ടുണ്ട്. ആയതു പ്രകാരം ആകെ 9230 (26x5 X71 =9230) കിലോമീറ്ററാണ് വണ്ടി ഓടിയിട്ടുള്ളത് . എന്നതിനാൽ 9230x75=692250 രൂപയ്ക്കാണ് അർഹതയുള്ളത്. എന്നാൽ വണ്ടി ഡ്രൈവർക്ക് വൗച്ചർ പ്രകാരം 698100 രൂപ (698100/75=9300) അനുവദിക്കാനുണ്ടായ കാരണം

വ്യക്തമാക്കാൻ ഓഡിറ്റ് എൻക്വയറി നം 6/19-20/21.07.21 നൽകിയെങ്കിലും മറുപടി നൽകിയിട്ടില്ല. അധികം നൽകിയ 5850/- രൂപ തിരികെ ഈടാക്കേണ്ടതാണ്.

## 3-3 കമ്മ്യൂണിറ്റി ടോയ്‌ലറ്റ് നിർമ്മാണം-കണക്കു കൂട്ടിയതിൽ പിഴവു വന്നത്-1125.79 രൂപ തിരിച്ചു പിടിക്കേണ്ടതാണ്

നിർവ്വഹണ ഉദ്യോഗസ്ഥൻ അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്ട് നമ്പർ 118/20

അടങ്കൽ ₹400000 (₹40000-വികസനഫണ്ട്,₹3,60,000-ശുചിത്വമിഷൻഫണ്ട്)

ചെലവ്

₹333575 (₹40000-വികസന ഫണ്ട്,ബിൽ നമ്പർ 23/29.02.20 ₹2,93,575 -ശുചിത്വമിഷൻ ഫണ്ട് ചെക്ക് നമ്പർ10122/06.03.2020)

എംബുക്ക് നമ്പർ 51/18-19

കരാറുകാരൻ ശ്രീ പ്രഭാകരൻ കെ – എസ്റ്റിമേറ്റ് നിരക്ക്

1. പ്രോജക്ടിൽ ആസ്തിയുടെ യുണീക് നമ്പർ രേഖപ്പെടുത്തിയിട്ടില്ല.

2.ഇനം നമ്പർ 9 ,എം ബുക്ക് നമ്പർ 51/18-19 പേജ് 31,32,33 – 12 എം എം സിമന്റ് പ്ലാസ്റ്റർ – കണക്കു കൂട്ടിയതിൽ പിഴവു വന്നത്(41.65+16.71+16.71+16.71+2.62+2.67+2.64-4.5-0.153+0.96+2.86+1.45+0.13)100.457 ചതുരശ്ര മീറ്റർ എന്ന് രേഖപ്പെടുത്തുന്നതിന് പകരം 104.96 ചതുരശ്ര മീറ്റർ എന്ന് രേഖപ്പെടുത്തിയതിനാൽ 4.503ച.മീ അളവിനുള്ള തുക കൂടുതലായി നല്കാനിടയായിട്ടുണ്ട്. 4.503*250.01=1125.79 രൂപ അധികമായി നല്കിയത് തിരിച്ചു പിടിക്കേണ്ടതാണ്. (ഇതു സംബന്ധിച്ചു നല്കിയ ഓഡിറ്റ് അന്വേഷണം നമ്പർ 17/19-20 തീയതി21.07.21 ന് മറുപടിയായി തുക തിരിച്ചടക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.)

## 3-4 വാട്ടർ ടാങ്ക് വിതരണം (പട്ടികജാതി)- സബ്സിഡി മാർഗ്ഗരേഖ പാലിക്കാത്തത്- 6251 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്ടിന്റെ പേര് - വാട്ടർ ടാങ്ക് വിതരണം (പട്ടികജാതി)

പ്രോജക്ട് നമ്പർ - S0037/19-20,128/21

വികസനഫണ്ട്(എസ്.സി.പി)- 32000രൂപ

ബിൽ നം./തീയ്യതി/തുക – 2/19-20/ 27-3-20 /₹ 22497

ചെക്ക് നമ്പർ 16242/31.03.21 ₹2500 (2020-21 ൽ നല്കിയത്)

ആകെ ₹ 24997

1.ഗുണഭോക്തൃ വിഹിതം ഉൾപ്പെടുത്തിയിട്ടില്ല

പതിമൂന്നാം പദ്ധതിക്ക് ബാധകമായ സബ്സിഡി മാർഗ്ഗനിർദ്ദേശങ്ങൾ (14-12-2018 ലെ സ.ഉ(കൈ)നം 22/2018തസ്വഭവ , 6.6 ക്രമനമ്പർ 6) പ്രകാരം വാട്ടർടാങ്കിന് നല്കാവുന്ന സബ്സിഡി നിരക്ക് 75%(പരമാവധി 3000രൂപ)യാണ്. ഗുണഭോക്തൃവിഹിതം സ്ഥാപനത്തിൽ ഒടുക്കണം എന്നും മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പ്രോജക്ടിൽ ഗുണഭോക്തൃ വിഹിതം ഉൾപ്പെടുത്തിയിട്ടില്ല.

2.പ്രോജക്റ്റിൽ ഉൾപ്പെടുത്താതെ 2020-21-ൽ ബാക്കി തുക നൽകി (₹3571)

7 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനായി ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത അനു ഏജൻസി എന്ന സ്ഥാപനത്തിൽ നിന്നും വാട്ടർടാങ്കുകൾ വാങ്ങുകയും എസ് സി പി ഫണ്ടിൽ ലഭ്യമായ 22497 രൂപ 2019-20 സാമ്പത്തിക വർഷം ഏജൻസിക്ക് നല്കുകയും ചെയ്തു. ബാക്കി തുക( 2500രൂപ) തനതു ഫണ്ടിൽ നിന്നും നല്കുന്നതാണെന്നും ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക നല്കിയിട്ടുണ്ടോ എന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. സുലേഖ ചെലവു പത്രികയിൽ മറ്റു ചെലവുകൾ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

2020-21 ൽ 2500രൂപയും അനു ഏജൻസിക്ക് അനുവദിച്ചിട്ടുണ്ട്. വിലയുടെ 75% ആയ 2678രൂപയാണ് (3571-ന്റെ 75%) അനുവദനീയമായ സബ്സിഡി എന്നിരിക്കെ മുഴുവൻ തുകയും സബ്സിഡിയായി അനുവദിച്ചു.

3.കൈപ്പറ്റ് രശീതി ഹാജരാക്കിയില്ല

7വാട്ടർ ടാങ്ക് വിതരണം ചെയ്തതിൽ 6 പേരുടെ കൈപ്പറ്റ് രശീത് മാത്രമേ ഫയലിൽ ലഭ്യമായിട്ടുള്ളു. ശ്രീമതി സി എച്ച് ഉഷ എന്ന ഗുണഭോക്താവിന്റെ കൈപ്പറ്റ് രശീതി പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. പരിശോധനക്കായി ഹാജരാക്കിയ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത ശ്രീ വിവേക്.കെ എന്നവർക്ക് ആനുകൂല്യം അനുവദിച്ചിട്ടുണ്ട്.

സ്പിൽ ഓവർ പദ്ധതിയിൽ 9503രൂപ എസ് സി പി ഫണ്ടാണ് വകയിരുത്തിയതെങ്കിലും 2500 രൂപ തനത് ഫണ്ട് നല്കിയതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല. സുലേഖ ചെലവു പത്രികയിൽ സ്പിൽ ഓവർ പദ്ധതിയിൽ ചെലവില്ല എന്നാണ് രേഖപ്പെടുത്തിയത്. മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ 5/2019-20 (22-7-21) ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

സബ്സിഡി മാർഗ്ഗരേഖ പാലിക്കാത്തതിനാൽ 6251 രൂപ{ (3571-2678)*7= 893*7=6251}ഓഡിറ്റിൽ നിരാകരിക്കുന്നു.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ്നമ്പർ/ തീയതി |
|---|---|---|
| 2019-20 | 14.07.21 | കെ.എസ്.എ./കെ.എൻ.ആർ./സി.5/769/2021 തീയതി 17.08.2021 |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 627000 | മുഹമ്മദ് റോഡ് മുതൽ താജുൽ ഉലൂം സ്കൂൾ വരെ | 0 | 627000 (ഓഡിറ്റ് വർഷം |

| | | | | | |
|---|---|---|---|---|---|
| | | | | | പ്രോജക്ട് വച്ചിട്ടില്ല) |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 200000 | പെയിൻ & പാലിയേറ്റീവ് കെയർ , 30/19-20 | 185600 | 14400 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 300000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്, 8/19-20 | 258500 | 41500 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 275000 | അംഗനവാടി പോഷകാഹാര പദ്ധതി, 7/19-20 | 261222 | 13778 |
| ആകെ | | 775000 | | 705322 | 69678 |
| ജില്ലാപഞ്ചായത്ത് | 2019-20 സാമ്പത്തിക വർഷം ജില്ലാ പഞ്ചായത്തിൽ നിന്ന് തുകയൊന്നും ലഭിച്ചിട്ടില്ല. | | | | |

ലൈഫ് ഭവന പദ്ധതിക്കായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച 200000രൂപയും തൻവർഷം ചെലവഴിച്ചിട്ടുണ്ട്. 2012-13 സാമ്പത്തിക വർഷം പച്ചക്കറികൃഷിക്കായി ലഭിച്ച തുകയിൽ ചെലവഴിക്കാതെ അവശേഷിച്ച 44820 രൂപ തൻവർഷം തിരിച്ചടച്ചിട്ടുണ്ട്.

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം തീയതി | മുൻകൂർ നൽകിയ തുക ₹ | ചെല വഴിച്ച തുക | ചെലവഴി ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|
| കെ എസ് ഇ ബി,വളപട്ടണം | തെരുവ് വിളക്കിന് ഇലക്ട്രിക്ക് പോസ്റ്റ് ,141/20 | 21900037/09.04.19 | 18472 | 18472 | 0 |
| ,, | തെരുവ് വിളക്കിന് ലൈൻ വലിക്കൽ,141/20 | 21901143/ 20.03.20 | 169020 | 169020 | 0 |
| ,, | ,, | 21900958/07.02.2020 | 47460 | 47460 | 0 |
| കെ എസ് ഇ ബി അഴീക്കോട് | ,, | 21901143/20.03.2020 | 99100 | 99100 | 0 |
| കെ ഡബ്ല്യു എ | പൈപ്പ്ലൈൻ വലിക്കൽ, | 21901142/20.03.2020 | 35000 | 31941 | 3059(*) |
| ,, | കുടിവെള്ളകണക്ഷന് പൈപ്പ്ലൈൻ | 21900977/15.02.2020 | 181000 | 16455 | 164545(*) |

| | | | | | |
|---|---|---|---|---|---|
| | വലിക്കൽ, 133/20 | | | | |

പ്രത്യേകം രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭ്യമാക്കിയ വിവരങ്ങളാണ് ഉൾപ്പെടുത്തിയത്.

(*)വാട്ടർ അതോറിറ്റിയിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം പ്രകാരം 30.07.21 വരെയും മേൽപ്പറഞ്ഞ തുക വിനിയോഗിച്ചിട്ടില്ല. ഡെപ്പോസിറ്റ് വർക്കിനായി തുക നല്കുമ്പോൾ പൂർത്തീകരണ കാലാവധി ഉൾപ്പെടുത്തി കരാർ ചമക്കേണ്ടതും സമയപരിധിക്കുള്ളിലുള്ള പ്രവൃത്തി പൂർത്തീകരണം ഉറപ്പ് വരുത്തേണ്ടതുമാണ്.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല.

## 4-6 സ്ഥിര നിക്ഷേപം/ഇൻവെസ്റ്റ്മെന്റ്

ഗ്രാമപഞ്ചായത്തിന് വളപട്ടണം സർവ്വീസ് സഹകരണ ബാങ്കിൽ 1കോടി രൂപയുടെ സ്ഥിരനിക്ഷേപമുണ്ട്. (ഫിക്സഡ് ഡെപ്പോസിറ്റ് റസീറ്റ് നമ്പർ 100977/27.12.2019 പലിശ നിരക്ക് 7.75% തീയതി 27/12/2019 കാലാവധി 365 ദിവസം).

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 9042 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2013-14,14-15 | 2-5 | 300 | പ്രേമരാജൻ | 119020101755/15.11.19 |
| ,, | 2-5 | 300 | ,, | 119020101755/15.11.19 |
| 2005-06 | 2-1 | 630 | സുധീർ,വസന്ത മുതലായവർ | 119020103210/4.03.2020 |
| 2016-17 | 2-7 | 750 | വിജേഷ് | 119020103235/6.03.2020 |
| 2008-09 | 2-4 | 300 | ടീപീസ് ഇൻഡസ്ട്രീസ് കണ്ണൂർ | 119020102748/12.02.2020 |
| 2008-09 | 2-4 | 300 | ഇലക്ട്രോ ലാമ്പ് ഇൻഡസ്ട്രീസ്, ആലുവ | 119020102769/12.02.2020 |
| 2008-09 | 2-4 | 400 | കറണ്ട് ബ്രിക്ക്സ്,കണ്ണൂർ | 119020102811/14.02.2020 |
| 2003-04 | 3-1 | 682 | ഡെൽക്കോ | 119020102841/17.02.2020 |
| 2016-17 | 2-7 | 1000 | കെ പ്രഭാകരൻ | 119020103153/27.02.2020 |

| | | | | |
|---|---|---|---|---|
| 2017-18 | 2-2 | 750 | പി വി രഞ്ജിത്ത് | 119020103154/27.02.2020 |
| 2016-17 | 2-7 | 300 | എം രഞ്ജിത്ത് | 119020103160/27.02.2020 |
| 2017-18 | 2-2 | 1250 | ,, | 119020103282/27.02.2020 |
| 2008-09 | 2-4 | 300 | പ്രവീൺ എന്റർപ്രൈസസ് | 119020103282/09.03.2020 |
| 2008-09 | 2-4 | 300 | അന ഏജൻസീസ് | 119020103283/09.03.2020 |
| 2006-07 | 3-1 | 1000 | ഇബ്രാഹിംകുട്ടി,യുഡിസി | 119020102744/11.02.2020 |
| | 2-7 | 480 | രാജേഷ് പ്രിന്റേഴ്സ് | 119020100136/07.05.19 |
| | | 9042 രൂപ | | |

ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ കൃത്യമായ വിവരങ്ങൾ ലഭ്യമായിട്ടില്ല.ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ വിവരങ്ങളാണ് ചേർത്തത്.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | നിലവിലെ അവസ്ഥ |
|---|---|---|---|---|
| 2006-2007 | 3-8(2) | 2009-10 | ആധുനിക അറവുശാല 24.91 ലക്ഷം രൂപ പാഴായി | പ്രവർത്തനക്ഷമമായിട്ടില്ല |
| 2008-09 | 03.02.17 | 2011-12 | നിക്ഷേപപ്രവൃത്തികൾ നടപടിക്രമങ്ങൾ പാലിക്കുന്നില്ല | പഞ്ചായത്ത് നിക്ഷേപിച്ച 2,60,000/- രൂപയിൽ 33,339/- രൂപ ചെലവഴിച്ചിട്ടുണ്ടെന്നും ബാക്കി തുകയായ 2,26,661/- രൂപ 04-04-15 തീയതിയിൽ സർക്കാരിലേക്ക് തിരിച്ചടച്ചിട്ടുണ്ടെന്നും അനർട്ട് അറിയിച്ചിട്ടുണ്ട്. |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | ₹160333137 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹158129589 |
| വരവിനങ്ങളിലുള്ള നഷ്ടം | : | .. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ₹16313 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹572902 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം-സർചാർജ്ജ് ചെയ്യാവുന്നവ

ഇല്ല

(ബി-1)ഗ്രാമപഞ്ചായത്ത് തല നടപടികളിലൂടെ ഈടാക്കേണ്ടത തുകയുടെ വിവരങ്ങൾ

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|
| 1-19 | 3086 | ശ്രീ പ്രീജിത്ത് എൻ , സെക്രട്ടറി |
| 1-26 | 5850 | ,, |
| 1-29 | 1126 | ശ്രീ ആസിഫ് എം എ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-32 | 6251 | ശ്രീ അനിൽ പി കെ, അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | 16313 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 123750 | ശ്രീ പ്രീജിത്ത് എൻ , സെക്രട്ടറി |
| 1-20 | 7500 | ശ്രീ പ്രീജിത്ത് എൻ , സെക്രട്ടറി |
| 1-23 | 181000 | ശ്രീ പ്രീജിത്ത് എൻ , സെക്രട്ടറി |
| 1-24 | 216480 | ശ്രീ പ്രീജിത്ത് എൻ , സെക്രട്ടറി |
| 1-26 | 19500 | ശ്രീ പ്രീജിത്ത് എൻ , സെക്രട്ടറി |
| 1-27 | 5926 | ശ്രീ പ്രീജിത്ത് എൻ , സെക്രട്ടറി |
| 1-32 | 18746 | ശ്രീ. അനിൽ പി.കെ., അസി. സെക്രട്ടറി |
| ആകെ | ₹572902 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ പ്രീജിത്ത് എൻ, സെക്രട്ടറി | സെക്രട്ടറി, പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്ത് | ഗസറ്റഡ് ഓഫീസർ ക്വാട്ടർ നമ്പർ 70, പള്ളിക്കുന്ന്, കണ്ണൂർ |
| ശ്രീ ആസിഫ് എം എ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, ഷോർണ്ണൂർ മുനിസിപ്പാലിറ്റി | മുണ്ടവൻ കാട്ടിൽ ഹൗസ് , വെളങ്ങല്ലൂർ, തൃശ്ശൂർ-680662 |
| ശ്രീ അനിൽ പി കെ, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, ധർമ്മടം ഗ്രാമപഞ്ചായത്ത് | വൈദ്യം, ടെമ്പിൾ ഗേറ്റ്, തലശ്ശേരി, കണ്ണൂർ |

## <u>4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവില ത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | കെ എസ് എ /കെ എൻ ആർ/സി5-846/19/10.06.19 | 5 |
| 1999-00 | കെ എസ് എ /കെ എൻ ആർ/സി5-846/19/10.06.19 | 4 |
| 2003-04 | കെ എസ് എ /കെ എൻ ആർ/സി5-846/19/10.06.19 | 7 |
| 2004-05 | കെ എസ് എ /കെ എൻ ആർ/സി5-846/19/10.06.19 | 4 |
| 2005-06 | കെ എസ് എ /കെ എൻ ആർ/സി5-846/19/10.06.19 | 3 |
| 2006-07 | കെ എസ് എ /കെ എൻ ആർ/സി5- | 10 |

| | | |
|---|---|---|
| | 846/19/10.06.19 | |
| 2007-08 | കെ എസ് എ /കെ എൻ ആർ/സി15-846/19/10.06.19 | 3 |
| 2008-09 | കെ എസ് എ /കെ എൻ ആർ/സി15-846/19/10.06.19 | 3 |
| 2009-10,10-11,11-12 | കെ എസ് എ /കെ എൻ ആർ/സി15-846/19/10.06.19 | 3 |
| 2012-13 | കെ എസ് എ /കെ എൻ ആർ/സി15-846/19/10.06.19 | 2 |
| 2013-14,14-15 | കെ എസ് എ /കെ എൻ ആർ/സി15-846/19/10.06.19 | 9 |
| 2015-16 | കെ എസ് എ /കെ എൻ ആർ/സി15-846/19/10.06.19 | 5 |
| 2016-17 | കെ എസ് എ /കെ എൻ ആർ/സി15-846/19/10.06.19 | 5 |
| 2017-18 | കെ എസ് എ / കെ എൻ ആർ /സി15-858/2019 /20.06.19 | 13 |
| 2018-19 | കെ എസ് എ / കെ എൻ ആർ /സി15-22/2020(1)/26.06.2020 | 24 |

ഡെപ്യൂട്ടി ഡയറക്ടർ ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ വളപട്ടണം ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ വളപട്ടണം ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം3

# ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ്സ്

| Valapattanam Grama Panchayat<br><br>RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 25066713.00 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 2299653.00 |
| 130000000 | Rental income from Panchayat Properties | RP-3 | 0.0 |
| 140000000 | Fees & User Charges | RP-4 | 324948.00 |
| 150000000 | Sale & Hire Charges | RP-5 | 19316130.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 11628218.00 |
| 171000000 | Interest Earned | RP-9 | 917027.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 1795986.00 |
| 350000000 | Other Liabilities | RP-36 | 120447018.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 215517.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 24857.00 |
| 311000000 | Earmarked Funds | RP-29 | 14256.00 |
| 340000000 | Deposits Received | RP-34 | 148400.00 |
| 350000000 | Other Liabilities | RP-36 | 182821.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 2750320.00 |
| 460000000 | Loans, Advances and Deposits | RP-47 | 267986.00 |
| | Grand total | | 185399850.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 4559650.00 |
| 220000000 | Administrative Expenses | RP-12 | 732204.00 |
| 230000000 | Operations & Maintenance | RP-13 | 1029509.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 1127893.00 |

| | | | |
|---|---|---|---|
| 251000000 | Decentralised Plan Programme- Service Sector | RP-16 | 3525312.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 1029225.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 477813.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 7880.00 |
| 255000000 | Maintenance Projects | RP-20 | 3017744.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 5600.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 10000.00 |
| 280000000 | Prior Period item | RP-26 | 341603.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 155936.00 |
| 350000000 | Other Liabilities | RP-36 | 125054253.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 1183.00 |
| 280000000 | Prior Period Item | RP-26 | -5310.00 |
| 340000000 | Deposits Received | RP-34 | 157850.00 |
| 350000000 | Other Liabilities | RP-36 | 1974460.00 |
| 410000000 | Fixed Assets | RP-38 | 3882369.00 |
| 412000000 | Capital work in Progress | RP-40 | 216700.00 |
| 420000000 | Investments | RP-41 | 10000000.00 |
| 460000000 | Loans, Advances and Deposits | RP-47 | 827715.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 27270261.00 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 185399850.00 |

Valapattanam Grama Panchayath

INCOME & EXPENDITURE STATEMENT

For the period from 01-April-2019 to 31-March-2020

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 5478931.00 |
| | | | |

| | | | |
|---|---|---|---|
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 397500.00 |
| 140000000 | Fee & User Charges | I-4(b) | 523648.00 |
| 150000000 | Sale & Hire Charges | I-5(b) | 19316130.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 26622875.00 |
| 171000000 | Interest Earned | I-8 | 917027.00 |
| 180000000 | Other Income | I-9 | 24857.00 |
| | Total Income | | 53280968.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 12052564.00 |
| 220000000 | Administrative Expenses | I-11(b) | 754966.00 |
| 230000000 | Operations & Maintenance | I-12(b) | 1093658.00 |
| 240000000 | Interest & Finance Charges | I-13 | 1832.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 1220835.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 3713046.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 1030480.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 477813.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 13056580.00 |
| 255000000 | Maintenance Projects | I-14(e) | 3017744.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 5600.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 10000.00 |
| 270000000 | Provisions and Write off | I-16 | 1412.00 |
| 272000000 | Depreciation | I-17(a) | 1850813.00 |
| | Total Expenditure | | 38287343.00 |
| | Gross Surplus/ Deficit of income over Expenditure | | 14993625.00 |
| 280000000 | Prior Period Item | I-18 | -18269.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 15011894.00 |
| 290000000 | Transfer to Reserve Funds | | I-18(a) |

| | |
|---|---|
| Valapattanam Panchayat | Grama BALANCE |

| SHEET | | | |
|---|---|---|---|
| As on 31.03.2020 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 34876267.47 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 73189.00 |
| 312000000 | Reserves | B-3 | 16433188.00 |
| | Total Reserve & Surplus | | 51382644.47 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 1932081.00 |
| | Total Grants, Contributions for Specific Purposes | | 1932081.00 |
| | Loans | | |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 920059.07 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 1656001.96 |
| | Total Current Liabilities and Provisions | | 2576061.03 |
| | TOTAL LIABILITIES | | 55890786.50 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 25043432.00 |
| 411000000 | Accumulated Depreciation | B-11 | -7416448.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | Total Fixed Assets | | 17626984.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 10000000.00 |
| | Total Investments | | 10000000.00 |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 229463.50 |
| 450000000 | Cash and Bank Balance | B-17 | 27270261.00 |
| 460000000 | Loans, Advances and Deposits | B-18 | 764078.00 |
| | Total Current Assets, Loans and Advances | | 28263802.50 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 55890786.50 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ